KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 30 / Issue: 4 April 2019 ₹ :10/-



# 4 – ാം ചരമ വാർഷികം

15 – 05 – 2019



## ഇടവഴിക്കൽ കുഞ്ഞവറാച്ചൻ (ഇ. കെ. ഏബ്രഹാം)

ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

# ക്നാനായദീപം

SINCE 1989

2019 ഏപ്രിൽ പുസ്തകം 30 ലക്കം 4

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**


**Visit www.knanayadeepam.com**

## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

നോമ്പുകാല ചിന്തകൾ 06
ഡോ. ഡി. ബാബുപോൾ ഐ.എ.എസ്.

ലോകാവസാനം എപ്പോൾ ? 09
തോമസ്കുട്ടി പുറത്തയിൽ

സുവോഗോ 250 10

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോടത്തിൽ

ഇങ്ങനെയും ജീവിതം 17
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

സമഗ്രമായി വളരട്ടെ നമ്മുടെ കുഞ്ഞുങ്ങൾ 19
ഡോ. സുനിൽ ഡി. കുരുവിള

കാൽപ്പാടുകൾ 20
എബി

ദൈവസഭ അനുഗ്രഹിക്കപ്പെടുന്നത് എങ്ങനെ 21
ഫാ. റോയി മാത്യൂസ് മുളമൂട്ടിൽ

കുഞ്ഞാട്ടിൻ തിരു-രക്തത്താൽ ഞാൻ 22
അലക്സ് തെക്കുംതറ

ഈസ്റ്റർ നമുക്കു നല്കുന്ന പ്രത്യാശ 23
ലീലാമ്മ ഏബ്രഹാം

മലർവാടിക്കൂട്ടം 26

വരും തലമുറയ്ക്കായി 35
ഓമന സഖറിയാ


ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

### ക്നാനായ ദീപം അറിയിപ്പുകൾ

നമ്മുടെ പള്ളികളിലെ പൊതു വാർത്തകളും,ഫോട്ടോകളും മറ്റും ദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ കൊണ്ടുവരുമ്പോൾ ഇടവക വികാരിയുടെ ഒപ്പോടുകൂടി ലഭിക്കുന്നതു മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളു. വരിസംഖ്യകളും പരസ്യ ചാർജുകളും ഓൺലൈനായും അടയ്ക്കാവുന്നതാണ്

**Acc. No. 57004254154**
Knanaya Deepam
IFSC SBI N 0070128
SBI, Chingavanam


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

അന്ത:ഛിദ്രംകൊണ്ടും വ്യവഹാരങ്ങൾകൊണ്ടും ക്ഷീണിച്ച് തളർന്നിരിക്കുന്ന നമ്മുടെ സഭയേയും, സമുദായത്തേയും, ഇടവകകളെയും കുറിച്ച് സഭാ സ്നേഹിയായ യാതൊരുവനും ഖേദം തോന്നാതിരിക്കുന്നതല്ല. ഇന്നത്തെ ആത്മീയ നിലവാരത്തിലുള്ള അധ:പതനവും, സമുദായ തലത്തിലുള്ള പ്രശ്നങ്ങളും തീർച്ചയായും പരിഹരിക്കപ്പെടേണ്ടതാണെങ്കിലും അതിന് ഏതാനും പേർ വിചാരിച്ചതുകൊണ്ടോ, ചുരുങ്ങിയ ഒരു കാലയളവിലെ പരിശ്രമം കൊണ്ടോ മാത്രം സാധിക്കുന്നതല്ല. ക്നാനായ സമുദായത്തിലെ പ്രശ്നങ്ങൾ സമുദായ നേതൃത്വ തലത്തിൽ മാത്രമാകയാൽ മെത്രാപ്പോലീത്തമാരും ക്നാനായ കമ്മറ്റിയും കൂടി ഒരുമിച്ചിരുന്നു ചർച്ച ചെയ്തു പരിഹരിക്കപ്പെടാവുന്നതേയുള്ളു. എന്നാൽ സഭാപരമായ പ്രശ്നങ്ങൾ സുപ്രീംകോടതി വിധികൊണ്ടുപോലും തീർക്കുവാൻ സാധിക്കാത്തതിനാൽ ദൈവത്തിന്റെ സഭയെ സമ്പൂർണ്ണമായി ദൈവകരങ്ങളിൽ ഏൽപ്പിക്കുകയും, അധികാരമോഹങ്ങളും ലൗകീക സമ്പത്തിനോടുള്ള ആസക്തിയും പരിപൂർണ്ണമായി ഉപേക്ഷിച്ച് ദൈവത്തിന്റെ കയ്യിൽ ഒരു മെരുങ്ങിയ ആയുധമായി മെത്രാച്ചന്മാർ ഏൽപ്പിച്ചു കൊടുക്കുകയും ജനങ്ങൾ ഉപവസിച്ച് പ്രാർത്ഥിക്കുകയും ചെയ്താൽ പരിഹാരം കാണാൻ സാധിക്കും. വളർച്ചയും വികസനവും നമുക്ക് ആവശ്യമുണ്ട്. 1958ലെ യോജിപ്പിനുശേഷം പരിശുദ്ധ സഭ എല്ലാ മണ്ഡലങ്ങളിലും എത്രമാത്രം വികസിക്കുകയും അനേകം കോളേജുകളും ആശുപത്രികളും എൻജിനീയറിംഗ് കോളേജുകളും ഈ സഭയ്ക്കുണ്ടായി. ഇപ്പോൾ നമ്മുടെ അവസ്ഥ എന്ത്. എത്രമാത്രം കോടികൾ കേസിനുവേണ്ടി ചിലവഴിച്ചു. ഇത് ദൈവകോപം ക്ഷണിച്ചുവരുത്തുന്നതാണെന്നു വിചാരിച്ച് ഇനി എങ്കിലും പിൻതിരിയണമേ. “എന്റെ സഭയെ നശിപ്പിക്കുന്നവനെ ഞാൻ നശിപ്പിക്കും എന്ന് കർത്താവ് അരുളി ചെയ്തിട്ടുള്ളത് ഓർക്കണമേ.”വേദനയോടുകൂടിയാണെങ്കിലും ഒരു യാഥാർത്ഥ്യം നമുക്ക് കൺമുമ്പിൽ കാണുവാൻ കഴിയും. ദൈവ ജനത്തിന്റെ ഇടയിൽ പലപ്പോഴും ഉടലെടുക്കുന്ന ഇടർച്ചകൾക്കും ഭിന്നാഭിപ്രായങ്ങൾക്കും കാരണം എന്ത് എന്നു കണ്ടെത്തുവാൻ ശ്രമിക്കുന്നത് സർവ്വ സാധാരണമാണ്. 90% ശതമാനവും ആ കാരണം കണ്ടെത്തൽ പ്രക്രിയ അന്തിമമായി എത്തിച്ചേരുന്നത് നമ്മുടെ മദ്ധ്യത്തിൽ പ്രവർത്തിക്കുന്ന നേതൃത്വ നിരയിലേക്കാണ്. മലങ്കര സഭയെ തളർത്തുവാൻ കൗശലക്കാരനായ സാത്താൻ കണ്ടെത്തിയ മാർഗ്ഗം വലിയ പള്ളികളിലെ സമ്പത്തുകളാണ്. മനുഷ്യന്റെ ആത്മരക്ഷയ്ക്കായി ഈ ഭൂമിയിൽ വന്ന കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ സ്ഥലം വാങ്ങുകയോ സമ്പാദ്യം സ്വരൂപിക്കുകയോ ചെയ്തില്ല. കാരണം സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും അവകാശവും യേശുവിനുള്ളതാണ്. അത് കർത്താവ് അപ്പോസ്തലന്മാർക്ക് നൽകി അപ്പോസ്തലന്മാർ പ്രധാനാചാര്യന്മാർക്കും പ്രധാനാചാര്യന്മാർ വൈദീകർക്കും നൽകി ആദിമുതൽ ഇന്നുവരെ തുടർന്നുവരുന്നു. എങ്കിലും ആത്മീയ പ്രവർത്തനങ്ങൾക്ക് മാതൃക ക്രിസ്തുവും അപ്പോസ്തലന്മാരും തന്നെയാണ്. ഒരു മനുഷ്യൻ സർവ്വ ലോകവും നേടിയിട്ട് തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ ഒരു പ്രയോജനവുമില്ലെന്ന് നമ്മുടെ കർത്താവ് പറഞ്ഞിട്ടുള്ളത് ഓർക്കുക. സഭ ദൈവത്തിന്റെതാണ്. “ഞാനെന്റെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല” എന്ന് അരുമനാഥൻ വാഗ്ദാനം ചെയ്തിട്ടുള്ളത് സത്യമാണ്. നാം വളരണമെന്നും വികസിക്കണമെന്നുമാണ് ദൈവം ആഗ്രഹിക്കുന്നത്. അതിനാവശ്യമായ സകലതും ദൈവം നമുക്കുവേണ്ടി സജ്ജീകരിച്ചിട്ടുണ്ട്. നാം അവിടുത്തെ ആലോചനക്കനുസൃതമായി മുന്നോട്ട് നീങ്ങുകയേ വേണ്ടു. അതിനിന്നാരുണ്ട്..

ക്രിസ്തീയ വളർച്ചയ്ക്കാവശ്യമായ എല്ലാ കാര്യങ്ങളും സഭ ക്രമീകരിച്ചുണ്ട്. അത് ആരാധനാ പുസ്തകത്തിൽ മാത്രം കിടക്കുവാനുള്ളതല്ല. സഭയുടെ കല്പനകളാണ് ജീവിതത്തിനു നേതൃത്വം നൽകേണ്ടത്. അല്ലാതെ നമ്മുടെ സൗകര്യത്തിന് നാം ഉണ്ടാകുന്ന വെറും പതിവുകളല്ല. നോമ്പു കൊണ്ടും ശുശ്രൂഷകൾകൊണ്ടും കിട്ടേണ്ടിയ ചില അനുഭവങ്ങളുണ്ട്. അത് പിൽക്കാല ജീവിതത്തിൽ പ്രതിഫലിക്കയും ചെയ്യും. എന്നാൽ അനേകരിൽ അതു കാണുന്നില്ലെന്നതാണ് പരമാർത്ഥം. വേണ്ട വിധത്തിൽ ചെയ്യാത്തതുകൊണ്ട് സ്വർഗ്ഗീയമായ ശുശ്രൂഷകൾ പ്രഹസനമായിട്ടോ ഡ്രാമാ ആയിട്ടോ ആണ് ചിലർക്ക് തോന്നാറുള്ളത്. നാമമാത്രമായ കുമ്പസാരവും, കുർബ്ബാനാനുഭവവും ഒരു വ്യക്തിയിലും വ്യതിയാനം വരുത്തുകയില്ലെന്നുള്ളതിന് അധ:പതിച്ച അവസ്ഥയിൽ ജീവിക്കുന്ന അനേകരുടെ ജീവിതം ഉദാഹരണമാണ്. ഈ അവസരത്തിൽ കഷ്ടാനുഭവ ആഴ്ചയിൽ നമ്മുടെ പള്ളികളിൽ നടന്നുവരുന്ന കുമ്പസാരത്തെക്കുറിച്ചും കുർബ്ബാനാനുഭവത്തെക്കുറിച്ചും ഓർമ്മ വരുന്നു. 100 കണക്കിനാളുകൾ ഒരു പട്ടക്കാരന്റെ അടുക്കൽ കുമ്പസാരിക്കുവാൻ ഒരുമിച്ചു കൂടിയാൽ എങ്ങനെ ശരിയായി കുമ്പസാരിപ്പിക്കുവാൻ സാധിക്കും. ഇടവകയിൽപ്പെട്ട എല്ലാവരുംകൂടി പെസഹായുടെ തലേ ദിവസം കുമ്പസാരിക്കുന്ന ഏർപ്പാടു മാറ്റി നോമ്പിന്റെ മറ്റു ദിവസങ്ങളിൽ കുമ്പസാരിക്കുന്ന രീതി ഉണ്ടായിരിക്കണം. രോഗം അറിഞ്ഞു ചികിത്സിച്ചില്ലെങ്കിൽ പ്രയോജനമില്ലല്ലോ. നോമ്പുകൊണ്ട് നമുക്ക് എന്തെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ അത് നോമ്പിനു ശേഷവും നമ്മിൽ കാണാൻ ഇടയായാൽ സഭ വളരും

**എന്ന് നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



യറുശലേം പുത്രിമാരേ എന്നെച്ചൊല്ലി കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളേയും ചൊല്ലിക്കരവിൻ. ലൂക്കാ.23:28.

നാഴിക അടുത്തു. മനുഷ്യ പുത്രൻ പാപികളുടെ കയ്യിൽ ഏല്പ്പിക്കപ്പെടുന്നു എന്നു പറഞ്ഞു പീഢാനുഭവത്തിനു നമ്മുടെ കർത്താവ് എഴുന്നേറ്റു. (മത്താ. 26:45) സ്വശിഷ്യനായ യൂദാ ഇസ്ക്കാരിയോത്തായാൽ വഞ്ചിക്കപ്പെട്ടു ശത്രുക്കളുടെ കയ്യിൽ ഏല്പിക്കപ്പെട്ടു. രാത്രി മുഴുവനും മഹാപുരോഹിതന്മാരാലും ശാസ്ത്രി പരീശന്മാരാലും ചോദ്യം ചെയ്യപ്പെടുകയും പീഢിപ്പിക്കപ്പെടുകയും ചെയ്തു. രാവിലെ നാടുവാഴിയായ പീലാത്തോസിന്റെ അരമനയിൽ വിസ്തരിക്കപ്പെട്ടു. കുറ്റം ഒന്നും കണ്ടില്ല. ഗലീലക്കാരൻ എന്ന നിലയിൽ ഗലീലയിലെ നാടുവാഴിയായ ഹേരോദാവു രാജാവിനാലും വിസ്തരിക്കപ്പെട്ടു. പാപമില്ലാത്തവനായ നമ്മുടെ കർത്താവ് പാപികളായ നമ്മുടെ രക്ഷയ്ക്കുവേണ്ടി ക്രൂശുമരണത്തിനു വിധിക്കപ്പെട്ടു. സെഹിയോന്റെ കോട്ടയിൽനിന്നു കുരിശും തോളിൽ വഹിച്ചുകൊണ്ടു ഗോഗുൽത്തായിലേക്കുള്ള യാത്രയിൽ ധാരാളം ആളുകൾ കർത്താവിനെ അനുഗമിച്ചു. ആ കൂട്ടത്തിൽ അവനെച്ചൊല്ലി അലമുറയിടുന്ന അനേകം സ്ത്രീകളും അവന്റെ പിന്നാലെ ചെന്നു. (ലൂക്കാ. 23:27) യേശുവിന്റെ ദയനീയമായ അവസ്ഥ കണ്ടു സഹതാപം തോന്നിക്കരഞ്ഞ സ്ത്രീ ജനങ്ങളെ നോക്കി കർത്താവു അരുളിയതാണ് നിങ്ങൾ എന്നെച്ചൊല്ലിയല്ല കരയേണ്ടത് പിന്നെയോ നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലിയാണു കരയേണ്ടിയത്.


നിങ്ങൾ അറിയാത്ത ആഹാരം എനിക്ക് കഴിപ്പാനുണ്ട് എന്നും; തന്റെ പിതാവിന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവർത്തി തികയ്ക്കുന്നതാണ് തന്റെ ആഹാരം എന്നും നമ്മുടെ കർത്താവ് പറഞ്ഞു. (യോഹ. 4:32-33) ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. (യോഹ. 3:17) തന്റെ ഏകജാതനായ പുത്രന്റെ ബലിയർപ്പണത്താൽ ലോകത്തിന്റെ പാപത്തെ നീക്കി മനുഷ്യ വർഗ്ഗത്തെ പാപവിമുക്തമാക്കാനുള്ള ദൈവീക പദ്ധതിയെക്കുറിച്ചുള്ള വെളിപ്പെടുത്തലുകളാണിതെല്ലാം. ദൈവീക പദ്ധതിയുടെ നിറവേറലാണ് കർത്താവിന്റെ പീഢാസഹനം.

പരിശുദ്ധ നോമ്പാചരണത്തിലൂടെയും പീഢാസഹനവാരാചരണത്തിലൂടെയും നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തോടു താദാത്മ്യപ്പെടുന്ന സഭയുടെ മക്കൾ ഈ സത്യം മനസ്സിലാക്കണം. പാപമില്ലാത്തവനായ കർത്താവ് ഒരു പാപിയെപ്പോലെ പീഢ അനുഭവിച്ച് മരിക്കാൻ വിധിക്കപ്പെട്ടത് പിതാവായ ദൈവത്തിന്റെ മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹം മൂലമാണെന്നും ഓരോ വിശ്വാസിയും ഓർക്കണം. നമ്മുടെ പാപങ്ങൾ കർത്താവിന്റെ മേൽ ചുമത്തപ്പെട്ടു. പാപപരിഹാര യാഗമായി അവൻ പിതാവിന്റെ സന്നിധിയിൽ അണയ്ക്കപ്പെട്ടു. അവന്റെ അടിപ്പിണരാൽ മനുഷ്യവർഗ്ഗത്തിനു സൗഖ്യം ലഭിച്ചിരിക്കുന്നു. ഈ ദൈവീക സത്യമാണ് യശയ്യാ പ്രവാചകന്റെ പുസ്തകം 53-ാം അദ്ധ്യായം നമുക്കു വെളിപ്പെടുത്തിത്തരുന്നത്. നോമ്പു നാളുകളിലെ പ്രത്യേക പ്രാർത്ഥനകളിലൂടെയും, പീഢാനുഭവ ആഴ്ചയിലെ വിശിഷ്യാ ദു:ഖവെള്ളിയാഴ്ച ദിവസത്തിലെ ശുശ്രൂഷകളിലൂടെയും, ദൃശ്യമാദ്ധ്യമങ്ങളിലൂടെയും കർത്താവിന്റെ അതിദാരുണമായ പീഢാനുഭവം ധ്യാനിക്കുകയും ദർശിക്കുകയും ചെയ്യുന്ന ദൈവജനം അവന്റെ അവസ്ഥ കണ്ടു യറുശലേം പുത്രന്മാരെപ്പോലെ വിലപിക്കയല്ല വേണ്ടത്. മറിച്ചു നമ്മുടെ പാപങ്ങൾ ഹേതുവായിട്ടാണല്ലോ എന്റെ കർത്താവ് അസഹനീയമായ ഈ പീഢ സഹിക്കുന്നത്. ഈ ദണ്ഡനവും പീഢയും വാസ്തവത്തിൽ നാം തന്നെ അനുഭവിക്കേണ്ടതായിരുന്നു. നാം നിൽക്കേണ്ട സ്ഥാനത്താണ് എന്റെ കർത്താവു നിൽക്കുന്നത്. നാം ഏല്ക്കേണ്ട അടികളാണ് അവൻ ഏറ്റു വാങ്ങുന്നത്. അനുസരണക്കേടുമൂലം നാം സമ്പാദിച്ചതായ മരണം, ഇല്ലായ്മ ചെയ്യുവാൻ വേണ്ടിയാണ് മരണമില്ലാത്തവനായ കർത്താവ് സ്വമനസ്സാ മരണം പാനം ചെയ്യുന്നത്.


ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തി ആസ്വദിക്കുകയും ചെയ്തവർ പിന്മാറിപ്പോയാൽ തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആയിത്തീരും (എബ്രാ. 6:4-6). ആകയാൽ നമ്മുടെ നോമ്പും പ്രാർത്ഥനകളും പീഢാനുഭവ വാരാചരണവും നമ്മുടെ കർത്താവു നമുക്കുവേണ്ടി ചെയ്ത ത്യാഗവും, നമ്മുടെ ശോചനീയാവസ്ഥ തിരിച്ചറിയുവാനുള്ള മുഖാന്തിരങ്ങളാകണം. പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകയില്ലാ എന്നും ദൈവത്തിന്റെ പൈതലായി മാത്രം ഞാനിനി ജീവിക്കുമെന്നും പ്രതിജ്ഞ ചെയ്യാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**



ബാർ ഈത്തോ ബ്രീറോ
ഡോ. ഡി. ബാബുപോൾ
ഐ.എ.എസ്.




# നോമ്പുകാല ചിന്തകൾ

**ആകുലത പാപമാണ്!**

ചുമതലാബോധത്തോടെ ജീവിക്കുവാൻ നാം ബാദ്ധ്യസ്ഥരാണെങ്കിലും ജീവിതത്തെയും ഭാവിയെയുംകുറിച്ച് അമിതമായി ഉത്ക്കണ്ഠപ്പെടുന്നതു പാപമാണ്. ഗിരിപ്രഭാഷണത്തിൽ ഇങ്ങനെ വായിക്കുന്നു: ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ പിതാവ് അവയെ പുലർത്തുന്നു.

മിക്ക മനുഷ്യരെയും അപേക്ഷിച്ച് ഏറെ ജോലി ചെയ്യുന്നവരാണു പക്ഷികൾ. അവ ജോലി ചെയ്യുന്നില്ല എന്നല്ല ക്രിസ്തു പറയുന്നത്. അവ വ്യാകുലപ്പെടുന്നില്ല എന്നതാണു പാഠം. കിളികൾ ഭക്ഷണം തേടുന്നുണ്ട്, കൂടുണ്ടാക്കുന്നുണ്ട്, മുട്ടയിടുകയും വിരിയുമ്പോൾ കുഞ്ഞുങ്ങളെ പരിചരിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതായത്, ഈശ്വരനും പ്രകൃതിയും നിശ്ചയിച്ചിട്ടുള്ള കർത്തവ്യബോധം പക്ഷികൾക്കും അന്യമല്ല.

വലിയനോമ്പ് വരുന്നതു നമ്മുടെ നാട്ടിലെ വർഷാന്ത്യ പരീക്ഷകളുടെ കാലത്താണല്ലോ. അമ്മമാരുടെ വെപ്രാളം മക്കളിലേക്കു പകരുന്ന ഒരു ഋതുവായി മാറിയിരിക്കുന്നു ഈ മാർച്ച്-ഏപ്രിൽ. പഠിക്കണം, പരീക്ഷയ്ക്കൊരുങ്ങണം. എന്നാൽ ഉത്ക്കണ്ഠ നമുക്കു മാർക്കു തരുന്നില്ല.

എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കാലം ഓർമ്മ വരുന്നു ഇപ്പോൾ. 1956 ഫെബ്രുവരി, കുറുപ്പംപടി എം.ജി. എം. ഹൈസ്കൂളിൽ മോഡൽ പരീക്ഷ, പുറകെ വരുന്ന പബ്ലിക് പരീക്ഷയേക്കാൾ കഠിനമായിരുന്നു അന്നൊക്കെ. മാർക്കിടുന്നതു പബ്ലിക് പരീക്ഷയുടെ മാതൃകയിലും. എനിക്ക് 600-ൽ 457 മാർക്കു കിട്ടി. അപ്പോൾ അപ്പൻ പറഞ്ഞു; "നീ പഠിച്ചിട്ടുണ്ട്, പേടിക്കാനില്ല. ഇനി വല്ല ജലദോഷവും പനിയുമൊക്കെ വരാതെ നോക്കിയാൽ മതി. ഇനി പരീക്ഷവരെ രാവിലെ അഞ്ചരയ്ക്കു ഞങ്ങൾ പ്രാർത്ഥിക്കാനിരിക്കുമ്പോൾ വിളിക്കാം. നാലുമണിക്ക് എഴുന്നേൽക്കേണ്ട കാര്യം ഒന്നും ഇല്ല. പഠിച്ചതൊക്കെ വേണ്ടവണ്ണം എഴുതാനുള്ള കൃപയ്ക്കായി പ്രാർത്ഥിച്ചാൽ മതി". ആ കൃപ കിട്ടി. പബ്ലിക് പരീക്ഷയ്ക്കു 464 മാർക്കും സ്റ്റേറ്റിൽ റാങ്കും തുടർന്നു സ്കോളർഷിപ്പും ഒക്കെ കിട്ടി. അതു ഞാൻ തുടക്കം മുതൽ പഠിച്ചതുകൊണ്ടു തന്നെയാണ്. എന്നാൽ അമിതമായ ഉത്ക്കണ്ഠയ്ക്ക് അടിമയായിരുന്നെങ്കിൽ രണ്ടു മാർക്കെങ്കിലും കുറയാനല്ലാതെ, കൂടാൻ അതു സംഗതിയാക്കുമായിരുന്നില്ല.

ദോഷം ഉണ്ടായതും ദോഷം ഒഴിവായതും ആയ രണ്ട് ഉദാഹരണങ്ങൾ ഉദ്ധരിച്ചത് ഓരോരുത്തർക്കും സ്വന്തം ജീവിത സാഹചര്യങ്ങൾ പരിശോധിച്ച് അമിതമായ ഉത്ക്കണ്ഠയ്ക്കു വിധേയപ്പെടുന്നുണ്ടോ എന്നു തിരിച്ചറിയാനുള്ള സൗകര്യത്തിനു വേണ്ടിയാണ്.

അമിതമായ ഉത്ക്കണ്ഠ നമ്മുടെ വിശ്വാസത്തിന്റെ ദുർബലതയാണു സാക്ഷ്യപ്പെടുത്തുന്നത്. അതു പാപമാണ് എന്നു നാം തിരിച്ചറിയണം. ലഡാക്കിലേക്കുള്ള റോഡു യാത്രയിൽ വളരെ അപകടകരമായ ഒരു ഭാഗമുണ്ട്. വീതി കുറഞ്ഞ റോഡ്. അയ്യായിരം അടി താഴെ ഒഴുകുന്ന ഒരു നദി കാണാം. വളവുള്ളിടത്ത് 'കിളി' വണ്ടിയിൽനിന്നു പുറത്തിറങ്ങി ഇരുവശവും നോക്കിനോക്കി നല്കുന്ന നിർദ്ദേശം അനുസരിച്ച് ഇഞ്ചിഞ്ചായിട്ടാണു ഡ്രൈവർ മുന്നോട്ടു പോകുന്നത്. പതിവായി യാത്ര ചെയ്യുന്നവർപോലും വിരണ്ടു പോകുന്ന അവസ്ഥ. എന്റെ അടുത്തിരുന്ന യുവാവു നല്ല ഉറക്കം. എനിക്ക് അത്ഭുതം തോന്നി. എന്റെ മനസ്സു വായിച്ചിട്ടെന്നതുപോലെ ആ യുവാവു ഡ്രൈവറെ ചൂണ്ടി എന്നോടു പറഞ്ഞു. "മേരാബാപ്. അച്ഛാ ഡ്രൈവിംഗ് കർത്താ." എന്റെ അപ്പനാണു വണ്ടി ഓടിക്കുന്നത്. ഭംഗിയായി ഓടിക്കും. അപ്പൻ ഭംഗിയായി വണ്ടി ഓടിക്കും എന്ന് ഉറപ്പുള്ള മകനു സുഖമായി ഉറങ്ങാം.

എന്റെ മകൻ ആണ്ടുവട്ടത്തിൽ അഞ്ചാറു ദിവസം മാത്രമാണ് ഈ വീട്ടിൽ ഉറങ്ങുന്നത്. അവൻ പറയുന്നത് ആ ദിവസങ്ങളിലാണ് അവൻ ഏറ്റവും ഭംഗിയായി ഉറങ്ങുന്നത് എന്നാണ്. ഇപ്പോൾ എനിക്കും ഓർമ്മ വരുന്നുണ്ട്: ഐ.എ. എസ്. ഉദ്യോഗസ്ഥനായിരുന്ന കാലത്ത് ഞാൻ ഏറ്റവും നന്നായി ഉറങ്ങിയിരുന്നതു കുറുപ്പംപടിയിൽ എന്റെ അച്ഛൻ അടുത്ത മുറിയിൽ ഉറങ്ങുന്നുണ്ട് എന്ന ധൈര്യം തോന്നിയ രാവുകളിലാണ്.

അതേ, അമിതമായ ഉത്ക്കണ്ഠ ദൈവവിശ്വാസത്തിന്റെയും തദ്വാര ദൈവശാസ്ത്രത്തിന്റെയും ന്യൂനതയാണ് സൂചിപ്പിക്കുന്നത്. മുത്താമ്പാക്കൽ കൊച്ചുകുഞ്ഞുപദേശി പണ്ടു പാടി "എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായി ജീവിക്കുമ്പോൾ പാപി ഞാനീ ക്ഷോണിതന്നിൽ ക്ലേശിപ്പാൻ ഏതും കാര്യമില്ല." അമിതമായ ഉത്ക്കണ്ഠ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കേണ്ട പാപം തന്നെ.

ധ്യാനത്തിനു സഹായകമായി വായിക്കുക: ഹഗ്ഗായി 2:18 -24,1.രാജ.17:1-19:9; 19:15-18, മത്താ.6:19-34.

**ത്യാഗമില്ലാത്ത വിശ്വാസം ക്രിസ്തീയമല്ല**

വിശ്വാസമാണോ പ്രവൃത്തിയാണോ പ്രധാനം?

യാക്കോബും പൗലോസും തമ്മിൽ ധ്രുവവിരുദ്ധത ആരോപിക്കപ്പെടുന്ന വിഷയം. ആരോപിതമാകുന്ന വൈരുദ്ധ്യം സത്യത്തിൽ അസ്ഥാനത്താണ്. വിശ്വാസം തെളിയുന്നതു പ്രവൃത്തിയിലാണ്. പ്രവൃത്തിക്കു പ്രേരകമാകേണ്ടതു വിശ്വാസവുമാണ്. സഭ ജീവകാരുണ്യ പ്രവർത്തനത്തിൽ ഏർപ്പെടുന്ന ഒരു സർക്കാരിതരസംഘടനയല്ല എന്നു ഫ്രാൻസിസ് മാർപാപ്പ പറയുന്നതിന്റെ സാരാംശവും മറ്റൊന്നല്ല.

പൗലോസ് വിശ്വാസ ജീവിതത്തിന്റെ തുടക്കത്തെയും യാക്കോബ് വിശ്വാസിയുടെ ദൈനംദിന ജീവിതത്തെയും പരാമർശിക്കുന്നതിനാലാണ് അവർ തമ്മിൽ അഭിപ്രായഭേദം ഉള്ളതായി തോന്നുന്നത് എന്നു ചില പണ്ഡിതർ പറഞ്ഞിട്ടുണ്ട്. ഘടികാരത്തിലെ സൂചി പന്ത്രണ്ടിൽ നില്ക്കുന്ന സമയവും നാലിൽ നില്ക്കുന്ന സമയവും അടിസ്ഥാനമാക്കിയാൽ ചൂട്, നിഴലിന്റെ വലിപ്പം എല്ലാം മാറുമല്ലോ; അതുപോലെ പൗലോസ് പറയുന്നത് അനർഹമായ കൃപയ്ക്കു പാത്രമാകുമ്പോഴാണ് ഒരുവൾ ക്രിസ്തുവിലാകുന്നത് എന്നാണ്.

യാക്കോബ് പഠിപ്പിക്കുന്ന ഈ പ്രത്യയശാസ്ത്രംതന്നെയാണു സ്നാപകയോഹന്നാനും പഠിപ്പിക്കുന്നത്. അനുതാപത്തിന് അനുരൂപമായ ഫലം കായ്ക്കണം. ഗിരിപ്രഭാഷണത്തിൽ ക്രിസ്തുവും പറഞ്ഞു, നല്ല വൃക്ഷത്തിന്റെ നന്മ തെളിയുന്നതു നല്ല ഫലത്തിലാണ്. എന്തിന്, പൗലോസും റോമാലേഖനത്തിലും (2:6, 13:12) കൊരിന്ത്യലേഖനങ്ങളിലും (1 കൊരി. 3:8, 2 കൊരി. 5:10) കൊലോസ്യലേഖനത്തിലും (3:9) പ്രവൃത്തിയുടെ പ്രാധാന്യത്തെക്കുറിച്ചു പറയുന്നുണ്ട്.

വിശ്വാസം തെളിയേണ്ട ഒരു പ്രധാന കർമ്മ മണ്ഡലം ദാനധർമ്മമാണ്. ദശാംശം കൊടുക്കാതിരിക്കുമ്പോൾ ദൈവത്തിനുള്ളതു കവർന്നെടുക്കുകയാണു മനുഷ്യൻ ചെയ്യുന്നത് എന്നു മലാഖിയുടെ പ്രവചനത്തിൽ (3:8-10) വായിക്കുന്നു.

ഇതുവരെ ദശാംശം കൊടുക്കാത്തവർ ഈ നോമ്പുകാലത്ത് ആ സ്വഭാവത്തിനു തുടക്കമിടണം. ശമ്പളം വാങ്ങിക്കുന്നവർ മൊത്തം ശമ്പളത്തിന്റെ പത്തു ശതമാനമാണു കൊടുക്കേണ്ടത്. കയ്യിൽ കിട്ടുന്നതിന്റെയല്ല. (സർക്കാർ ജീവനക്കാർക്ക് ആദായനികുതി കഴിച്ചുള്ളതാണു ശമ്പളം എന്നു വ്യാഖ്യാനിക്കാമെങ്കിലും അതുതന്നെ വിവാദവിഷയമാണ്). ആദായനികുതി പിരിക്കുന്ന സർക്കാരിൽനിന്നും ശമ്പളം വാങ്ങാത്ത ആർക്കും അതുപോലും കിഴിവു ചെയ്യാൻ അനുവാദമില്ല. നമ്മുടെ പ്രോവിഡന്റ് ഫണ്ടും ഇൻഷുറൻസും വായ്പകളുടെ തിരിച്ചടവും ഒന്നും കുറയ്ക്കരുത്. പന്തീരായിരം രൂപയാണോ ശമ്പളം? 1200 രൂപ മറ്റൊരു അക്കൗണ്ടിലേക്കോ മടിശീലയിലേക്കോ മാറ്റുക. ദൈവത്തെ വഞ്ചിക്കരുത്.

നോമ്പുകാലത്തു ദശാംശംമാത്രം പോരാ. എന്തെങ്കിലും ഇനത്തിൽ ഉപഭോഗം കുറയ്ക്കാൻ ശ്രമിക്കണം. ചില സഭകളിൽ ഭക്ഷണകാര്യത്തിൽ കൃത്യമായ നിബന്ധനകളുണ്ട്. അന്ത്യോഖ്യൻ പാരമ്പര്യത്തിൽ പാലും പാലുൽപ്പന്നങ്ങളും ഉൾപ്പെടെ ജന്തുജന്യമായ ഭക്ഷണം അമ്പതു ദിവസവും നിഷിദ്ധമാണ്. മറ്റു ചില വിഭാഗങ്ങൾ അതു കുറേക്കൂടെ ലഘൂകരിച്ചിട്ടുണ്ട്. ഏതായാലും ഭക്ഷണച്ചെലവ് കുറയും, കുറയണം ഈ രണ്ടു മാസങ്ങളിൽ. അങ്ങനെ മിച്ചം വരുന്നതു ദശാംശത്തിന്റെ ഫണ്ടിലേക്കു വകമാറ്റുക.

പരിസ്ഥിതിയോടു ബന്ധപ്പെട്ടു കാർബൺ നോമ്പ് എന്നൊന്ന് ഇക്കാലത്തു പലരും നിർദ്ദേശിക്കാറുണ്ട്. വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുക.

സ്വയം ശിക്ഷിക്കുന്നത് ഒരു ഭക്താഭ്യാസമാണ് എന്നു കരുതുന്ന സന്ന്യാസിനികൾ ഉണ്ടായിരുന്നു ഒരു കാലത്ത്. ഇപ്പോൾ ആ സമ്പ്രദായം പൊതുവേ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. എങ്കിലും ഏതെങ്കിലും തരത്തിലുള്ള ത്യാഗം ഈ നോമ്പുകാലത്തെ അടയാളപ്പെടുത്താൻ തിരഞ്ഞെടുക്കണം. നമ്മേക്കാൾ ദുർഭഗരും ദരിദ്രരും ആയ ആളുകൾ നമുക്കു ചുറ്റുമുണ്ട്. അവരുടെ ആവശ്യങ്ങൾ അന്വേഷിച്ചറിയാനും അതിനു നിവൃത്തി ഉണ്ടാക്കുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. തീ കെടുത്താൻ വെള്ളം, പാപമോചനത്തിനു ദാനം എന്നു ബെൻസീറായും (ജ്ഞാനം 3:30) ദാനം ചെയ്യുന്നവൻ ദൈവത്തെ കാണും എന്നു തോബിത്തും (4:8-10) പഠിപ്പിക്കുന്നു. വിജാതീയരോടു സുവിശേഷം അറിയിക്കാനുള്ള അനുവാദം നല്കി യാത്രയാക്കിയപ്പോൾ ഒരേയൊരു സംഗതിയാണു യെരുശലേമിലെ സഭ പൗലോസിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ദരിദ്രരെ മറക്കരുത് (ഗലാത്യ. 2:9).

പ്രാർത്ഥനയും പ്രവൃത്തിയും ഒത്തുവരുമ്പോഴാണു ക്രിസ്തീയ ജീവിതം പൂർണ്ണമാകുന്നത്. രാവിലെ ദിവ്യകാരുണ്യം സ്വീകരിക്കുകയും ദിവ്യകാരുണ്യനാഥനെ സുരക്ഷിതമായി ഹൃദയത്തിന്റെ ഒരു ലോക്കറിൽ പൂട്ടിവയ്ക്കുകയും ശേഷം തോന്നിയതൊക്കെ തോന്നിയതുപോലെ ചെയ്തു പിറ്റേന്നു സക്രാരി തുറക്കുന്ന നേരത്തു പള്ളിയിൽ ഹാജരാവുകയും ചെയ്യുന്നവളുടെ വിശ്വാസം ക്രിസ്തീയമല്ല. അബ്രഹാം പിതാവായിട്ടുണ്ട് എന്ന് അവകാശപ്പെടുന്നതിൽ അർത്ഥമില്ല. അബ്രഹാമിനു കല്ലുകളിൽനിന്നു മക്കളെ ഉണ്ടാക്കുവാൻ കഴിവുള്ളവനാണു ദൈവം. അബ്രഹാമിനെ അനുകരിക്കയാണു വേണ്ടത്.

അനുബന്ധധ്യാനത്തിനു വായിക്കുക: ലൂക്കോ. 3:10-14; റോമാ. 2:28-3:8, യാക്കോ. 2:14-26.

## പൊങ്ങച്ചത്തിന്റെ പൊള്ളത്തരങ്ങൾ

വളർത്തുമൃഗങ്ങൾ യജമാനന്മാരെ തിരിച്ചറിയും. ഇസ്രായേൽ ദൈവത്തെ അറിയുന്നില്ല എന്ന പരിദേവനത്തോടു കൂടെയാണു പഴയ നിയമത്തിലെ പ്രവചന ഗ്രന്ഥങ്ങൾ തുടങ്ങുന്നത്. യെശയ്യാ, നാലു യഹൂദരാജാക്കന്മാരുടെ കാലത്തു ജീവിച്ചിരുന്ന 'മഹത്ത്വമുള്ളവൻ' എന്നു പിതാക്കന്മാർ വിശേഷിപ്പിക്കുന്ന പ്രവാചകനായിരുന്നു. ഇസ്രായേലിനെ അടിച്ചിട്ടും കാര്യമില്ല എന്നുവരെ പറയുന്നുണ്ട് ഈ പ്രവാചകശ്രേഷ്ഠൻ.

ജനം മാത്രം അല്ല, ജനനായകരും തെറ്റിൽ മുങ്ങിയിരിക്കുന്നു എന്നാണു മറ്റൊരു പ്രവാചകൻ പറയുന്നത് (ഹോശയ.4). ദേശത്ത് സത്യമില്ല, ദൈവപരിജ്ഞാനവുമില്ല എന്ന് ഈ പ്രവാചകൻ പരിതപിക്കുന്നു.

"നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല; ഗ്രഹിക്കുന്നവൻ ഇല്ല; ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല" എന്ന ആ അവസ്ഥ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ക്രൈസ്തവ സഭയെയും ഗ്രസിച്ചിരിക്കുന്നുവോ? ജ്ഞാനിയും വിവേകിയുമായ നേതാവ് 'ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കുന്നവനാണ്' എന്നു യാക്കോബ് സൂചിപ്പിക്കുന്നത് (3:13) ഇവിടെ സംഗതമാണ്.

വൈദികരും എന്നെപ്പോലെയുള്ള അല്പമായ പ്രഭാഷകരും സൗമ്യത പാലിക്കാൻ ഏറെ ക്ലേശിക്കേണ്ടിവരുന്നു. "പലായത്ധ്വം പലായത്ധ്വം...ആയാത്യുദ്ദണ്ഡകേസരി" എന്ന് ഉദ്ദണ്ഡ ശാസ്ത്രികൾ അഹങ്കരിക്കുമായിരുന്നു. 'ഓടിക്കോ, ഓടിക്കോ, മഹാനായ ഞാൻ ഇതാ ഇവിടെ!' സമാനമായ ഒന്നു ഷേക്സ്പിയറും എഴുതിയിട്ടുണ്ട്. 'ഞാൻ വായ് തുറന്നാൽ ഒരു നായയും കുരച്ചുപോകരുത്' എന്ന് ഏതോ ഒരു ഷേക്സ്പീരിയൻ കഥാപാത്രം പറയുന്നുണ്ട്.

ഇങ്ങനെയൊന്നും നാം പറയാറില്ലായിരിക്കാം. എങ്കിലും നമ്മുടെയൊക്കെ മനോവ്യാപാരങ്ങൾ ഈ വഴിയേ അല്ലേ പലപ്പോഴും എന്നു പരിശോധിക്കാനുള്ള ഇടവേളയാണു നോമ്പുകാലം.

ഒരിക്കൽ എന്റെ പ്രസംഗം കേട്ടതിനുശേഷം ഭാഗ്യസ്മരണാർഹനായ സി.എസ്.ഐ. മോഡറേറ്റർ യേശുദാസൻ തിരുമേനി എന്നെ പ്രശംസിച്ചു. 'അല്പം മുമ്പു സാത്താനും ഇതുതന്നെ പറഞ്ഞിരുന്നു' എന്നു ഞാൻ പ്രതികരിച്ചു. അന്ന് അതു വിനീതമായ നർമ്മം എന്നാണു ഞാൻ ഉദ്ദേശിച്ചതെങ്കിലും ഉപബോധ മനസ്സിലെ അഹങ്കാരത്തിന്റെ ബഹിർസ്ഫുരണമായിരുന്നില്ല ആ പ്രതികരണം എന്ന് ഇന്നു ഞാൻ സംശയിക്കുന്നു. വിനയത്തിന്റെ മുഖംമൂടി അഹങ്കാരത്തെ മറച്ചുപിടിക്കുന്ന സംഭവങ്ങൾ അസാധാരണമല്ല.

നമ്മുടെ നാട്ടിലെ ഒരു രാഷ്ട്രീയ നേതാവ്; ആകാരത്തിൽ കുറിയവനെങ്കിലും സ്ഥാനന്യായേന അതികായൻ. അദ്ധ്യക്ഷവേദികളിൽ തനിക്കായി വലിയ കസേര ഒരുക്കിയിരിക്കുന്നതു കണ്ടാൽ പിന്നെ ബഹളമായി. അത് എടുത്തു മാറ്റുന്നതുവരെ ക്യാമറകളുടെ മുന്നിൽ കഥകളിയാണ്. പിറ്റേന്നു പത്രങ്ങളിലൊക്കെ ആ രംഗത്തിന്റെ ചിത്രങ്ങൾ വരും. വിനയമോ വലിയ കസേരയിൽ ചെറിയ മനുഷ്യൻ ഇരിക്കുന്ന ചിത്രത്തിൽ തെളിയുന്ന അഭംഗിയെക്കുറിച്ചുള്ള അറിവോ? അതോ പ്രതിച്ഛായ നിലനിർത്താനുള്ള വ്യഗ്രതയോ? ആ കസേര ശ്രദ്ധിക്കാതിരിക്കാനാണു പരിശീലിക്കേണ്ടത്. ഒരു ചടങ്ങിൽ ഒന്നോ രണ്ടോ മണിക്കൂർ നാം ഇരിക്കുന്ന കസേരയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നത് ആ കസേരയെക്കുറിച്ച് നമുക്കു കരുതലുള്ളതുകൊണ്ടാണ്. അതു മുഖംമൂടി ധരിച്ച അഹങ്കാരമാണ്.

ഇംഗ്ലീഷിൽ വാനിറ്റി എന്ന് ഒരു പദമുണ്ട്. പൊങ്ങച്ചം എന്നാണ് സാധാരണ ഭാഷാന്തരം. ന്യായീകരിക്കാവുന്നതിലേറെയുള്ള സ്വാഭിമാന ഗർവ് എന്നോ മറ്റോ ആണ് സി. മാധവൻപിള്ളയുടെ നിഘണ്ടുവിൽ. ഞാൻ ഐ.എ.എസ്. പരീക്ഷ ജയിച്ചു എന്നതിലുള്ള അഭിമാനം പൊങ്ങച്ചമല്ല. എന്നാൽ, അതു മാലോകർ അറിഞ്ഞുകൊള്ളണം എന്ന ചിന്ത പൊങ്ങച്ചമാണ്. റെയിൽവേ സ്റ്റേഷനിലോ വിമാനത്താവളത്തിലോ ജനങ്ങൾ എന്നെ തിരിച്ചറിയുമ്പോൾ എനിക്കു തോന്നുന്ന ആ സന്തോഷം ഉണ്ടല്ലോ, അതു പൊങ്ങച്ചമാണ്. അതിനിടെ ആരെങ്കിലും "നല്ല മുഖപരിചയം തോന്നുന്നു. മനസ്സിലായില്ലല്ലോ" എന്നോ പേര് പറഞ്ഞുകഴിയുമ്പോൾ ജീവസന്ധാരണം നടത്തുന്നത് എങ്ങനെ എന്നോ ചോദിക്കുമ്പോൾ എനിക്കു തോന്നുന്ന അസഹിഷ്ണുതയും നീരസവും ഉണ്ടല്ലോ, അതും പൊങ്ങച്ചമാണ്.

രണ്ടുമൂന്ന് ഉദാഹരണങ്ങൾ കുറിച്ചതു നമ്മുടെ ജീവിത സാഹചര്യങ്ങളിൽ പരതി സമാനമായ പോരായ്മകൾ കണ്ടെത്തി ഈ നോമ്പുകാലത്ത് ഉപേക്ഷിക്കാൻ കഴിയണം എന്നു സൂചിപ്പിക്കാനാണ്. ഗിരിപ്രഭാഷണത്തിലെ മാനദണ്ഡങ്ങൾ ഓരോ ജീവിത സാഹചര്യത്തിലും ആത്മപരിശോധനയ്ക്ക് ഉപയോഗിക്കുക.

"നമുക്ക് വിശേഷതയുണ്ടോ? അശേഷമില്ല" എന്നു പൗലോസ് റോമാ ലേഖനത്തിൽ പറയുന്നത് (3:9) സദാ സ്വയം ഓർമ്മിപ്പിക്കുകയാണ് ഈ ദൃശസ്ഖലിതങ്ങളിൽനിന്നു മോചനം നേടാനുള്ള മാർഗ്ഗം.

അനുബന്ധ ധ്യാനത്തിനു വായിക്കാവുന്ന വേദഭാഗങ്ങൾ: മത്താ. 5:27-37, റോമാ. 3:9-26, യാക്കോ.3:13-4:5.

●

# സുവോഗോ 250

കർത്താവിൽ പ്രിയരെ,

**ക്നാനായ ഫാമിലി ഡയറക്ടറേറ്റിന്റെ** ആഭിമുഖ്യത്തിൽ നടത്തിവരുന്ന വിവാഹ ഒരുക്ക സെമിനാറി (Pre marital counselling) ന്റെ 250-ാമത്തെ സെമിനാർ 2019 മെയ് 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ചിങ്ങവനം മാർ അപ്രേം സെമിനാരി അസോസിയേഷൻ ഹാളിൽ വച്ച് "സുവോഗോ 250" (Zouvogo) എന്ന പേരിൽ ആഘോഷപൂർവ്വം നടത്തുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. സുവോഗോ എന്ന സുറിയാനി പദത്തിന്റെ അർത്ഥം വിവാഹം എന്നാണ്. ഇതിന്റെ മൂലപദം (Root word)സൗഗോ (Zaugo) എന്നാൽ നുകം (Yoke) unite in marriage എന്നൊക്കെയാണ്. വിവാഹത്തിലൂടെ ഒന്നിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

1998 ൽ ആരംഭിച്ച ഈ പ്രസ്ഥാനം നാളിതുവരെ ദൈവകൃപയാൽ വളരെ ഭംഗിയായി നടന്നു വരുന്നു. കുടുംബങ്ങളുടെ സുസ്ഥിരതയും കെട്ടുറപ്പും ലക്ഷ്യമിട്ട് ആരംഭം കുറിച്ച ഈ പ്രസ്ഥാനത്തിന്റെ പ്രചാരകർ ഇതിൽ സംബന്ധിച്ച യുവതിയുവാക്കൾ തന്നെയാണ്. വിവാഹഒരുക്ക സെമിനാർ കുടുംബങ്ങളുടെ വളർച്ചയ്ക്ക് നൽകുന്ന സംഭാവന അവർണ്ണനീയമാണ്. വരും തലമുറയിലുള്ള യുവതീയുവാക്കൾ വിവാഹത്തിന് മുമ്പ് ഈ വിവാഹ ഒരുക്കസെമിനാറിൽ സംബന്ധിക്കുന്നതിന് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുന്നത് ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭിവന്ദ്യനായ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തയാണ്. ഇതിലെ മുഖ്യപ്രഭാഷകൻ വടവാതൂർ പൗരസ്ത്യ വിദ്യാപീഠം (St.Thomas Apostolic Seminary) കാനോൻ ലോ (Canon Law) ഡിപ്പാർട്ട്മെന്റ് തലവൻ ഫാ. ഡോ. ജോസഫ് കടുപ്പിൽ കത്തോലിക്കാ സഭയുടെ കുടുംബകോടതി ജഡ്ജിയും എറണാകുളം ഹൈക്കോടതി അഡ്വക്കേറ്റുമാണ്. കൂടാതെ അഭിവന്ദ്യരായ കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും കുറിയാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ക്നാനായ സമുദായഭാരവാഹികളായ റവ.ഡോ. എ. റ്റി ഏബ്രഹാം ആലുംമൂട്ടിൽ കശ്ശീശാ (അസ്സോ.പ്രസിഡന്റ്) ബഹു മോനായി കർക്കിടകംപള്ളിൽ കശ്ശീശാ (വൈദികട്രസ്റ്റി) കമാൻഡർ ശ്രീ. സ്കറിയാ തോമസ് കളത്തിൽ (സമുദായ ട്രസ്റ്റി), ശ്രീ. റ്റി .ഒ. ഏബ്രഹാം തോട്ടത്തിൽ (സമുദായ സെക്രട്ടറി) എന്നിവരും സംബന്ധിക്കുന്നു.

പ്രസ്തുതയോഗത്തിൽ സംബന്ധിക്കുവാനായി എല്ലാ ബഹുമാനപ്പെട്ട വൈദികരെയും വിശ്വാസികളെയും വിനയപൂർവ്വം ക്ഷണിക്കുന്നു. പ്രത്യേകിച്ച് നാളിതുവരെ ഈ സെമിനാറുകളിൽ സംബന്ധിച്ചിട്ടുള്ള എല്ലാ യുവതിയുവാക്കളെയും പ്രതീക്ഷിക്കുന്നു. മെയ് മാസത്തിലെ വിവാഹ ഒരുക്കസെമിനാറിന്റെ അവസാനത്തെ സെക്ഷനിലാണ് ഈ സമ്മേളനം. ആയതിനാൽ ആ സെമിനാറിൽ സംബന്ധിക്കുവാൻ വരുന്നവരുടെ മാതാപിതാക്കളെയും വിശേഷാൽ ക്ഷണിക്കുകയാണ്. സർട്ടിഫിക്കറ്റ് വിതരണം ഈ സമ്മേളനത്തിന്റെ സമാപനഘട്ടത്തിലായിരിക്കും.

ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു

ക്നാനായ ഫാമിലി ഡയറക്ടറേറ്റിനുവേണ്ടി
**ഫാ. ഡോ. ജയിംസ് തോടത്തിൽ** (ഡയറക്ടർ)

# ലോകാവസാനം എപ്പോൾ?

**തോമസ്കുട്ടി പുറത്തയിൽ, എണ്ണിക്കാട്**

ലോകാവസാനം എപ്പോൾ സംഭവിക്കും എന്നത് ലോക ജനതയെ ആകമാനം അമ്പരപ്പിക്കുന്ന ഒരു വസ്തുതയാണ്. ഇത് കർത്താവിന്റെ ശിഷ്യന്മാരെയും ആശങ്കപ്പെടുത്തിയിരിക്കാം. അതുകൊണ്ടാണല്ലോ ശിഷ്യന്മാർ അവനോട് ഇപ്രകാരം ചോദിക്കാനിടയായത്. നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്ന് പറഞ്ഞുതരേണം, എന്ന് അപേക്ഷിച്ചു (മത്തായി.24:). കർത്താവ് പറഞ്ഞു, നോഹയുടെ കാലംപോലെ തന്നെ മനുഷ്യ പുത്രന്റെ വരവും ആകുന്നു (മത്തായി. 24:37). രാജ്യം രാജ്യത്തോടും ജാതി ജാതിയോടും എതിർക്കും യുദ്ധങ്ങളെയും യുദ്ധശ്രുതികളെക്കുറിച്ചും കേൾക്കും. ഭൂകമ്പങ്ങൾ അവിടവിടെ ഉണ്ടാകും. എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. അവസാനം എന്നാണെന്ന് പിതാവ് മാത്രമല്ലാതെ സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടി അറിയുന്നില്ല. നോഹയുടെ കാലംപോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകുന്നു എന്ന ഒരു സൂചന മാത്രം നൽകി. മനുഷ്യന്റെ വഷളത്ത ജീവിതം കണ്ട് അവന്റെ പ്രമാണങ്ങൾ സൗകര്യംപോലെ മറന്നുകൊണ്ടുള്ള അതിക്രമങ്ങളും യഹോവയായ ദൈവത്തെ ദുഃഖിപ്പിച്ചു. മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം പശ്ചാത്തപിച്ചു. ഭൂമിയിൽ മനുഷ്യർ പെരുകി അതിക്രമംകൊണ്ട് നിറഞ്ഞു. സകല ജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു എന്നു പറഞ്ഞാൽ അതിക്രമങ്ങൾ പെരുകി (ഉല്പത്തി. 6:11,12,17,18). ഇന്നത്തെ പോക്സോ നിയമപ്രകാരം ഏവനെയും തൂക്കിക്കൊല്ലേണ്ടിവരുന്നതുപോലെ അതിനുവേണ്ടി ജലപ്രളയം തന്നെ ദൈവം ഉണ്ടാക്കി സകല മനുഷ്യരെയും മുക്കിക്കൊന്നു. നോഹയും കുടുംബവും ഒഴികെ ആരും രക്ഷപെട്ടില്ല.

ഇന്നത്തെ ലോകത്തിന്റെ വഷളത്തരങ്ങൾ പത്രങ്ങളിലും വിഷ്വൽ മീഡിയകളിലും നമ്മൾ കാണുന്നതുപോലെ ഹൃദയഭേദകമായ കാഴ്ചകൾ മനുഷ്യബന്ധങ്ങൾക്കോ രക്തബന്ധങ്ങൾക്കോ വില കല്പിക്കാതെ കടിച്ചുകീറി പിച്ചിച്ചീന്തുന്ന ചെന്നായ് കൂട്ടങ്ങളായ മനുഷ്യരെക്കൊണ്ട് നിറഞ്ഞു കവിഞ്ഞ ലോകം. അന്ന് ദൈവം മാത്രമെ കണ്ടിരുന്നുള്ളു എങ്കിൽ ഇന്ന് വിഷ്വൽ മീഡിയകൾ വഴിയും നവമാധ്യമങ്ങൾ വഴിയും ലൈവായ് ആഗോളതലത്തിൽ മനുഷ്യൻ പ്രചരിപ്പിച്ച് കീശ വീർപ്പിക്കുകയാണ്. വഷളത്തം പ്രവർത്തിക്കുക തന്നെയല്ല വാണിഭം ആക്കുകയുമാണ്. രാജ്യാന്തര സുവിശേഷ പ്രവർത്തകനായ ബില്ലിഗ്രഹാം ഒരിക്കൽ ഇങ്ങനെ കുറിച്ചു. ഇന്നത്തെ ലോകത്തിന്റെ വഷളത്തരം കണ്ടാൽ ദൈവം സോദോം ഗോമോറയോട് ക്ഷമ ചോദിക്കണം എന്ന്? സോദോമിൽ പാർത്തിരുന്ന ലോത്തിന്റെ ദേശത്തെ ദൈവം തീ മഴ പെയ്യിച്ച് ചുട്ടു ചാമ്പലാക്കി. ലോത്തും തന്റെ രണ്ട് പെൺമക്കളും മാത്രം രക്ഷപെട്ടു.

ക്രിസ്തുയേശു ക്രൂശിൽ മരിച്ചുയർത്തഴുന്നേറ്റ ദിവസം തന്നെ പാതകനായ സാത്താന്റെ മരണവും സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. ദൈവം സാത്താനോട് പറഞ്ഞു, സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും എന്നത് പുത്രൻ തമ്പുരാൻ നിവർത്തിച്ചു കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ ആത്മാവിന്റെ മേൽ ഇനി ഒരധികാരവും സാത്താനില്ല. ഇനിയും പല തന്ത്രങ്ങളിൽ കൂടി നമ്മുടെ ജഡത്തെ ശത്രുവിന്റെ കൂടാരത്തിലെ സുഖഭോഗങ്ങളുടെ ശീതളഛായയിലേക്ക് കൈപിടിച്ചു കൊണ്ടുപോകുന്ന ജോലി സാത്താൻ ഉപേക്ഷിച്ചിട്ടില്ല. അതിന് ദീർഘമായ രണ്ടായിരം വർഷം ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് സാത്താൻ പല ഭവനങ്ങളെയും തകർത്തു കൊണ്ടിരിക്കുന്നു.

എന്നാൽ കർത്താവ് പറഞ്ഞ നോഹയുടെ കാലം പോലെ (ഉല്പത്തി 6:11 മുതൽ) എന്നതിന്റെ വിശദീകരണം അപ്പൊസ്തലനായ പൗലോസ് തന്റെ അരുമ ശിഷ്യനായ തിമൊഥെയോസിന് എഴുതിയ 2 തിമൊ.. 3:1–7 ഇങ്ങനെ പറയുന്നു.

അന്ത്യകാലത്ത് ദുർഘട സമയങ്ങൾവരും എന്നറിയുക. മനുഷ്യർ സ്വസ്നേഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദി കെട്ടവരും അശുദ്ധന്മാരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണ ദ്വേഷികളും ദ്രോഹികളും ദാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തികെട്ട വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക. വീടുകളിൽ നുഴഞ്ഞു കടക്കയും പാപങ്ങളെ ചുമന്നുകൊണ്ട് നാനാമോഹങ്ങൾക്കും അധീനരായി എപ്പോഴും പഠിപ്പിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിൽ ഉള്ളവരാകുന്നു.

വളരെയധികം കാര്യങ്ങൾ ഈ വിഷയത്തിൽ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദുർഘട സമയങ്ങൾ ആണ് ഇപ്പോൾ ലോകം മുഴുവൻ എന്ന് നമുക്ക് അറിയാമല്ലോ. ലോകമെമ്പാടും നിലവിലുള്ള നിയമാവലികൾ പൊളിച്ചെഴുതപ്പെടുകയാണ് രാജ്യത്തിന്റെ സുരക്ഷയ്ക്കും കുടുംബങ്ങളുടെ ഭദ്രതയ്ക്കും സാമ്പത്തിക നേട്ടത്തിനും മറ്റുമായി എന്തൊക്കെ നടപ്പിലാക്കിയിട്ടുണ്ടോ അതെല്ലാം ഗുണത്തേക്കാൾ ഏറെ ദോഷമായിട്ട് തിരിഞ്ഞ് കൊത്തുകയാണ്. കമ്പ്യൂട്ടർ, ഇന്റർനെറ്റ് മുഖേനെയുള്ള ഇടപാടുകൾ, ഒക്കെ സാമ്പത്തിക ഭദ്രത തകർക്കുന്നവയായി മാറുകയാണ്. എ.റ്റി.എം. സംവിധാനം സാമ്പത്തിക ഇടപാടുകൾക്ക് സൗകര്യപ്രദമാണ്. പക്ഷേ മോഷ്ടാക്കൾക്ക് കവർന്നെടുക്കാൻ വളരെ എളുപ്പമാണെന്ന് പല ദുരന്തങ്ങളും തെളിയിച്ചുകഴിഞ്ഞിരിക്കുന്നു.

വോട്ടിംഗ് യന്ത്രത്തിന്റെ വിശ്വാസ്യത ഇല്ലാതായി. മരിച്ചു പോയവരുടെ ബാങ്ക് നിക്ഷേപങ്ങൾ പിൻവലിക്കുന്ന തട്ടിപ്പു കേന്ദ്രങ്ങൾ സജീവമായിരിക്കുന്നു എന്നു വാർത്ത കണ്ടു.

കുടുംബഭദ്രതയ്ക്ക് ഇളക്കം തട്ടുന്നു. നീതിന്യായ വ്യവസ്ഥകൾ പവിത്രമായതെല്ലാം അശുദ്ധിയിലേക്ക് നയിക്കുന്നു. അടുത്ത കാലിത്തിറങ്ങിയ കോടതി വിധികൾ ആരെയും ഞെട്ടിക്കുന്നതാണ്.

ഭാര്യ ഭർത്താവിന്റെ സ്വകാര്യ സ്വത്തല്ലെന്ന് വിധിച്ചിരിക്കുന്നു. പിന്നെ ആരുടെ സ്വത്താണെന്ന് പറഞ്ഞിട്ടില്ല. ഒരു പക്ഷെ ബാക്കി അടുത്ത വിധിയിൽ കാണാം.

നോഹയുടെ കാലത്തെപ്പോലെ സകലജഢവും തങ്ങളുടെ വഴി വഷളാക്കിയിരിക്കുന്നു എന്നതുപോലെ ആയിത്തീരുകയാണ് ഇന്ന്. ഒരു സ്ത്രീക്ക് ഒരു പുരുഷൻ എന്ന ദൈവ കല്പന തിരുത്തിക്കൊണ്ട് വേറൊരു വിധിയും അടുത്തകാലത്ത് വന്നത് എല്ലാവരും കണ്ടുകാണുമല്ലോ.

യിസ്രയേലിന്റെ തലസ്ഥാനം ഒറ്റരാത്രികൊണ്ട് ജറുശലേം ആയിരിക്കുന്നു എന്ന് അമേരിക്കൻ പ്രസിഡന്റ് ട്രംപ് പ്രസ്താവിച്ചതിനെ തുടർന്ന് പല രാജ്യങ്ങളും അവരുടെ എംബസികൾ ജറുശലേമിലേക്ക് മാറ്റിക്കഴിഞ്ഞു. അങ്ങനെ ലോകത്തിന്റെ തലസ്ഥാനം ഏത് എന്ന് തീരുമാനം ആയിരിക്കുന്നു. യേശു എന്ന രാജാധിരാജന്റെ സിംഹാസനം സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് നിസ്സംശയം ഉറപ്പിക്കാം. ദാവിദിന്റെ സിംഹാസനത്തിൽ ഇരുന്ന് ഇനി ലോകം ആയിരമാണ്ട് വാഴ്ച തുടങ്ങും എന്നതിന്റെ അടയാളം മാത്രമാണ് ജറുശലേമിന്റെ ഉയർച്ച. നോഹയുടെ കാലംപോലെ ഈ ലോകം ആയിക്കഴിഞ്ഞു. മനുഷ്യപുത്രന്റെ വരവും അതോടൊപ്പം തന്നെ എന്ന വചനം സത്യ (മത്തായി 24:37)മായിരിക്കുന്നു.

●

---

## മല്പാനോടു ചോദിക്കാം

# കുരിശിനെ വന്ദിക്കുന്നത് വിഗ്രഹാരാധനയോ?

പ്രതീകങ്ങളും അടയാളങ്ങളും പൗരസ്ത്യ ആരാധനയുടെ അവിഭാജ്യഘടകമാണ്. അദൃശ്യമായ ഒരു യാഥാർത്ഥ്യത്തെ പ്രതീകങ്ങളിലൂടെ ദൃശ്യവും ഭൗതീകവുമാക്കിത്തീർക്കുന്നു. പൗരസ്ത്യസഭയിൽ സ്ലീബാ കർത്താവിന്റെ പ്രതീകമായിട്ടാണ് ഉപയോഗിക്കുന്നത്. ക്രൂശിന്റെ രൂപം കാണുന്ന ആളിന്റെ മനസ്സിൽ കർത്താവിന്റെ ജീവിതം മുഴുവൻ ഉയർന്നുവരും. കുരിശ് ഒരു വിഗ്രഹമല്ല. അതുകൊണ്ട് കുരിശിനെ വന്ദിച്ചാൽ അത് വിഗ്രഹാരാധനയാകുന്നില്ല.

യിസ്രായേലിന് മോശമുഖാന്തിരം പത്തു കല്പനകൾ കൊടുക്കുമ്പോൾ പറഞ്ഞത് ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിലെങ്കിലും, താഴെഭൂമിയിലെങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലുംമുള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നീ നമസ്ക്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത് (പുറ. 20:4-5) എന്നാണ്. കുരിശ് മേൽ ആകാശത്തിലോ, താഴെ ഭൂമിയിലോ, ഭൂമിക്കുതാഴെ വെള്ളത്തിലോ ഉള്ള യാതൊന്നിന്റെയും പ്രതിമയല്ല. കുരിശ് ഒരു അടയാളം ആണ്. അതായത്. ദൈവ-മനുഷ്യ, മനുഷ്യ-മനുഷ്യ ബന്ധത്തിന്റെ അടയാളം. അതിന്റെ (Vertical line) ദൈവമനുഷ്യബന്ധത്തിനേയും (Horizondal line) മനുഷ്യ-മനുഷ്യ ബന്ധത്തെയും സൂചിപ്പിക്കുന്നു. ഈ വിമുഖബന്ധത്തിലാണ് ദൈവം ആദ്യമനുഷ്യനെ സൃഷ്ടിച്ചത്. എങ്കിലം അവനിലെ പാപ സ്വഭാവം ആ ബന്ധങ്ങളെ ശിഥിലമാക്കി. യേശുവിന്റെ ക്രൂശ് മരണത്താലാണ് ആ ബന്ധം പുനഃസ്ഥാപിക്കപ്പെട്ടത്. ആയതിനാൽ കുരിശ് ആ ബന്ധത്തിന്റെ അടയാളമാണ്.

ഒരു കാലത്ത് കുരിശ് കൊലമരമായിരുന്നു. ക്രിസ്തുവിന്റെ ക്രൂശ് മരണത്തിലൂടെ സകല പ്രപഞ്ചത്തിനും രക്ഷയുണ്ടായതിനാൽ അത് രക്ഷയുടെ അടയാളമായി. പ്രപഞ്ചത്തിന്റെ മേലും സാത്താന്റെ മേലുമുള്ള വിജയത്തിന്റെ അടയാളമായി കുരുശിനെ കരുതുന്നു. (സുറിയാനി സഭ ഉത്ഥിതനായ ക്രിസ്തുവിന് പ്രാധാന്യം കല്പിക്കുന്നതിനാൽ ക്രൂശിത രൂപമുള്ള കുരിശിന് പകരം ഒഴിഞ്ഞ കുരിശ് ഉപയോഗിക്കുന്നു. അത് അനുഗ്രഹത്തിന്റെ ഉറവിടമാകയാൽ കുരിശ് ഉയർത്തി വാഴ്വ് നൽകുന്നു).

### സ്ലീബാ വന്ദനവ്

കുരിശിനെ ബഹുമാനിക്കുന്നത് ദുഃഖവെള്ളിയാഴ്ച പ്രധാന ശുശ്രൂഷയാണ് സ്ലീബാ വന്ദനവ് എന്ന ഉദ്ദേശിക്കുന്നത്. കർത്താവിന്റെ തിരുബലി മുഖാന്തിരമാണ് നമുക്കു രക്ഷയുണ്ടായത്. ആ തിരുബലിയെ അനുസ്മരിപ്പിക്കുന്ന അടയാളമായി കുരിശിനെ കണ്ടുകൊണ്ട് നാം അതിനെ വന്ദിക്കുന്നു. ദുഃഖവെള്ളിയാഴ്ച സ്ലീബാ വന്ദിക്കുമ്പോൾ നമുക്കു വേണ്ടി ക്രൂശിക്കപ്പെട്ട കർത്താവിന്റെ പ്രതീകമായിട്ടാണ് സ്ലീബായെ നാം ദർശിക്കുന്നത്. ആയതിനാൽ കുരിശു വന്ദിക്കുമ്പോൾ കുരിശിൽ വധിക്കപ്പെട്ട കർത്താവിനെയാണ് വന്ദിക്കുന്നത്. പഴയനിയമത്തിൽ സാക്ഷിയിൻ പെട്ടകത്തിനു മുമ്പിൽ ദാവീദ് വേണ്ട ഉപചാരങ്ങളെല്ലാം ചെയ്തിട്ടും അത് വിഗ്രഹാരാധനയായി യഹൂദ ജനം കണ്ടില്ല. അതിലെ വസ്തുക്കളും യഹോവ തന്നെയാണെന്ന് അവർ വിശ്വസിക്കുകയും ചെയ്തു (2. ശമു. 6:14-15).

'സ്ലാബ്' എന്ന സുറിയാനി വാക്കിന് കുരിശിക്കപ്പെട്ടവൻ എന്നാണർത്ഥം. അതിനാൽ സ്ലീബാ പരി. സഭയിൽ കർത്താവിനെ സൂചിപ്പിക്കുന്ന പ്രതീകമാണ്. സ്ലീബാവന്ദനവിൽ കൂടി കർത്താവിന്റെ സ്നേഹത്തിനു നന്ദി പറഞ്ഞ് കർത്താവിനെപ്പോലെയുള്ള ത്യാഗ ജീവിതത്തിനായി നമ്മെത്തന്നെ സമർപ്പിക്കുകയാണ് ചെയ്യേണ്ടത്.

●



ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ

**പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായെ**

**ലബനോനിൽ സമുദായ മെത്രാപ്പോലീത്തായും അഭിവന്ദ്യ പിതാക്കന്മാരും സമുദായ ഭാരവാഹികളും സന്ദർശിച്ചപ്പോൾ**











# 50th Wedding Anniversary

**21-04-2019**

## P. K. Chacko & Leelamma Chacko

**Puluthuruthil (H), Chingavanam**

**Best Compliments**
**Minu - Raju, Akhil**
**Manoj- Sinija, Mrudhul, Leyona,Thomaskutty**
**Vinod- Seena, Johan, Jerom, Jordin**
**Smitha - Ajith, Rayon, Jacoby**

## INTERNATIONAL EXCELLENCE AWARDS - MALAYSIA 2019



**BEST WEDDING PLANNER**

SEED EVENTS, KERALA

Mathew Jacob & Thaibu Mathew
Ampazhathunkal House
Chingavanam

Seed Events
Vanchiyoor PO, Trivandrum
Call us @ 9846422220

## തിരഞ്ഞെടുക്കപ്പെട്ടു



**മേരി കുര്യാക്കോസ്**

Y.M.C.A വിമൻസ് ഫോറം സംസ്ഥാന വൈസ് ചെയർപേഴ്സൻ ആയി **മേരി കുര്യാക്കോസ്** തിരഞ്ഞെടുക്കപ്പെട്ടു. രാമമംഗലം ക്നാനായ വലിയ പള്ളി ഇടവകയിൽ പുഞ്ചക്കര ശ്രീ. കുര്യാക്കോസ് പി. കുര്യന്റെ സഹധർമ്മിണിയാണ്.

രാമമംഗലം ഗ്രാമപഞ്ചായത്ത് മെമ്പറായും, കേരള കോൺഗ്രസ്സ് ജേക്കബ് എറണാകുളം ജില്ല വനിതാ സെക്രട്ടറിയായും, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

## Congratulations



**Mrs. Lata Saju** **HOD Physics Indian School Al-Ghubra, Oman** is awarded Navin Ashar Kazhi award for excellence as a teacher of outstanding merit (Higher Secondary level) 2018-19 from among all the Indian Schools in Sulthanate of Oman. She is the wife of Mr. Saju Jose Moozhiparambil Chingavanam & daughter of N. U. Alias and Elsamma Alias Nazarani thundiyil.

**Best wishes from,**
**Aaron, Sarah & Mishel**




# ST. PAUL'S KNANAYA PRAYER GROUP

**Riyadh Saudi Arabia**



## MANAGING COMMITTEE 2019-2020

**PRESIDENT**



**SHYNU JOY**
Nedungatathu
St.Mary's Knanaya Church
Mazhukeer
+966 55 882 2084

**SECRETARY**



**MONCY KURIAN**
Valiyaparambil
St.kuriakose knanaya church
Aythala - Ranni
+966 55 744 5028

**TRUSTEE**



**BINDY ULAHANNAN**
Kizhakkumcheryil
St.Jacob's Knanaya Valiyapalli
Ramamangalam
+966 53 648 3560

**PRAYER LEADER**



**SONU JOSEPH**
Puthenpurackal Pulayakunnil
St.Mary's Knanaya Syrian
Church - Eraviperoor

**COMMITTEE MEMBER**



**RENJI MAVELIL**
Mavelil
St. Mary's Knanaya
Syrian Church - Kattodu

**COMMITTEE MEMBER**



**BIJU K.U**
Karavattukoottu
St. Mary's Knanaya
Syrian Church - Veloothuruthy

**COMMITTEE MEMBER**



**BINU CHANDY**
Meppurathu
St. George Knanaya Syrian
Church - Anchani Ranni

**COMMITTEE MEMBER**



**SIBI UTHUPPAN**
Ottapinal
St. Mary's Knanaya Syrian
Valiyapalli - Kallissery

**COMMITTEE MEMBER**




**BOBAN ABRAHAM**
Nedungatathu
St. Mary's Knanaya Church
Mazhukeer

**AUDITOR**




**EBY T JOSE**
Thuruthekudiyil
St. Jacob's Knanaya Valiyapalli
Ramamangalam

**SUNDAY SCHOOL HEADMISTRESS**



**ANU NIBIN**
Aykkattu Maliakal
St.Mary's Knanaya Church
Cherukulanji - Ranni

**VANITHASAMAJAM COORDINATOR**



**LINCY SHYNU**
Nedungatathu
St.Mary's Knanaya Church
Mazhukeer

കഴിഞ്ഞ ലക്കം തുടർച്ച



ഫാ. ഡോ. ജയിംസ് തോടത്തിൽ
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം: ദൈവശാസ്ത്ര-മന:ശാസ്ത്ര വീക്ഷണത്തിൽ

**സ്ത്രീ പുരുഷ സമത്വം- മാതൃകാ കുടുംബത്തിന്റെ അടിസ്ഥാനം**

ജോസഫ് ഒരു തമാശയെന്നോണം ചോദിച്ചു. "എങ്കിൽ പിന്നെ തൊടുന്നതിനും പിടിക്കുന്നതിനുമൊക്കെ ഈ സ്ത്രീകൾ കരയുന്നതെന്തുകൊണ്ടാണ്. അവർക്ക് മനോബലം ഉണ്ടെങ്കിൽ കരയേണ്ടിവരികയില്ലല്ലോ".

"അതാണ് നമ്മുടെയൊക്കെ തെറ്റിദ്ധാരണ. സ്ത്രീകൾ കരയുന്നത് കാണുമ്പോൾ നമ്മുടെ മനസ്സലിയും, അത് നല്ല സ്വഭാവം തന്നെ. എന്നാൽ ആവശ്യത്തിനും അനാവശ്യത്തിനും കരയുവാനുള്ള കഴിവ് ദൈവം സ്ത്രീകൾക്ക് കൊടുത്തതാണ്. വികാരങ്ങൾ പ്രകടിപ്പിക്കുവാൻ ദൈവം കൊടുത്ത കഴിവ് അവർ നന്നായിട്ട് വിനിയോഗിക്കും. കരച്ചിലും കണ്ണുനീരുമൊക്കെ അവരുടെയൊക്കെ ഒരു നമ്പറല്ലെ. ഇതൊക്കെ കാണുമ്പോൾ അവർ അബലയാണെന്നും ചപലയാണെന്നുമുള്ള നമ്മുടെ ചിന്ത മണ്ടത്തരമാണ്". അച്ചൻ പറഞ്ഞു നിർത്തിയപ്പോൾ രണ്ടുപേരും ചിരിച്ചു.

"അച്ചോ സ്ത്രീകളുടെ കണ്ണുനീരു കാണുമ്പോൾ നമ്മുടെ (പുരുഷന്മാരുടെ) ഹൃദയം അലിയും. എന്നാൽ സ്ത്രീകൾക്ക് യാതൊരു കുലുക്കവും ഉണ്ടാകില്ല. എന്താണച്ചോ കാരണം". ജോസഫിന് വീണ്ടും സംശയം

"ജോസഫെ അമ്മായിയമ്മപ്പോരും നാത്തൂൻ പോരും കേട്ടിട്ടുണ്ട്. അമ്മായിയപ്പൻ പോര് എന്നു കേട്ടിട്ടുണ്ടോ"? അച്ചൻ ചോദിച്ചു.

'ഇല്ലച്ചോ'

"അതിന്റെ കാരണമെന്താണെന്നോ, നമ്മളെ (പുരുഷന്മാരെ) ദൈവം സൃഷ്ടിച്ചത് മണ്ണുകൊണ്ടാണ്. കണ്ണുനീരുവീണാൽ മണ്ണുണ്ണികളായ നമ്മൾ അലിയും. എന്നാൽ സ്ത്രീകളെ എന്തുപയോഗിച്ചാണ് സൃഷ്ടിച്ചത്? വാരിയെല്ലുകൊണ്ട്. ഒന്നാന്തരം വാരിയെല്ല്. കണ്ണുനീരു വീണാൽ അതൊന്നും അലിയില്ല ജോസഫെ".

അച്ചന്റെ കളിയാക്കൽ കേട്ട് ലിസിയും ചിരിച്ചുപോയി.

സ്ത്രീ പ്രബലയാണ്; ശക്തയാണ്. മനശക്തി മുൻതൂക്കം പുരുഷനെക്കാൾ കൂടുതൽ സ്ത്രീക്കാണ്. ഏത് സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാനുള്ള കഴിവ് ദൈവം അവർക്കു നൽകിയിട്ടുണ്ട്. ഏത് നാട്ടിൽ പോയി താമസിക്കുവാനും കാലാവസ്ഥയെ അതിജീവിക്കുവാനും പ്രതിസന്ധികളെ തരണം ചെയ്യുവാനും ജീവിതത്തിലെ ഏറ്റക്കുറച്ചിലുകളെ നേരിടുവാനുമുള്ള കരുത്ത് നൽകി ദൈവം സ്ത്രീയെ അനുഗ്രഹിച്ചിട്ടുണ്ട്. പുരുഷൻ കായബലത്തിൽ മുമ്പിലാണെങ്കിൽ സ്ത്രീ മനോബലത്തിൽ പുരുഷനെക്കാൾ മുൻപിലാണ്.

വീട്ടിലേക്കാവശ്യമായ വരുമാനം കണ്ടെത്തുന്നതിനാൽ പുരുഷനെ Bread winner എന്നു വിളിക്കുമ്പോൾ വീട്ടുകാര്യങ്ങൾ എല്ലാം നോക്കി നടത്തുന്ന സ്ത്രീ കുടുംബത്തിലെ മാനേജർ (Manager) ആണ്.

"വീട്ടുകാര്യങ്ങൾ നോക്കുന്നതാണോ അത്ര വലിയ കാര്യം. വീടിന്റെ സാമ്പത്തിക ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന പുരുഷന്മാരുടെ കഷ്ടപ്പാട് കുറച്ചുകാണരുത്. ഞങ്ങൾ കൊണ്ടുകൊടുക്കുന്നത് ആക്കികഴിക്കുന്ന ഉത്തരവാദിത്വം അല്ലാതെ സ്ത്രീയ്ക്ക് എന്താണിത്ര വലിയപണി". ജോസഫ് അല്പം വിമർശന ബുദ്ധിയിൽ തന്നെ പറഞ്ഞു തീർത്തു. അതുവരെ നിശബ്ദയായിരുന്ന ലിസി പറഞ്ഞു "അച്ചോ ഇതെന്റെ വീട്ടിൽ ഞാൻ എപ്പോഴും കേൾക്കുന്ന പല്ലവിയാണ്. ജോസച്ചായൻ കഷ്ടപ്പെട്ടുകൊണ്ടുവരുന്നത് ഉണ്ടാക്കിവച്ചിട്ട് ഞാൻ വെറുതെയിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ ആക്ഷേപം". ലിസി അല്പം പരിഭവത്തിൽ തന്നെയാണ്.

"ഇതാണ് ജോസഫെ ഭൂരിഭാഗം പുരുഷന്മാരുടെയും തെറ്റിദ്ധാരണ. സാമ്പത്തിക ഉത്തരവാദിത്വം നിങ്ങളുടേത് തന്നെ. എന്നാൽ വീട്ടിലെ മുഴുവൻ കാര്യങ്ങളും നോക്കി നടത്തുന്നത് സ്ത്രീകളല്ലെ". അച്ചന്റെ പ്രസ്താവനയിൽ അല്പം നീരസത്തോടെ ജോസഫ് ചോദിച്ചു.

"അതെന്ത് വർത്തമാനമാണ് അച്ചോ. ഞങ്ങൾ ആരും വീട്ടുകാര്യങ്ങൾ നോക്കാറില്ലെ".

ജോസഫെ, രാവിലെ ആദ്യം ആരാണ് എഴുന്നേൽക്കുന്നത്?

"ലിസ്സി 5 മണിക്കും ഞാൻ 6 മണിക്കും".

"ജോസഫിനും മക്കൾക്കും പ്രഭാത ഭക്ഷണവും ഉച്ചഭ

ക്ഷണവും വൈകുന്നേരത്തുള്ള ചായയും വൈകിട്ടത്തെ അത്താഴവും ലിസിയല്ലെ ഉണ്ടാക്കുന്നത്. വീട് അടിച്ചുവാരുക, പാത്രം കഴുകുക, തുണി അലക്കുക, ഫോൺ ചാർജ്, കരണ്ട് ചാർജ്, മറ്റുള്ള കരങ്ങൾ എന്നിവ അടയ്ക്കുക, ഗ്യാസ് ബുക്കുചെയ്യുക, സിലിണ്ടർ കൈകാര്യം ചെയ്യുക എന്നതൊക്കെ ആരാ കൈകാര്യം ചെയ്യുന്നത്", 'ലിസി'.

വീട്ടിൽ വരുന്ന അതിഥികളെ സൽക്കരിക്കുക, കുട്ടികളുടെ സ്ക്കൂളിൽ P.T.A. മീറ്റിംഗിൽ പോകുക മുതലായവ ചെയ്യുന്നത് ആരാ?

'ലിസി'

ആർക്കെങ്കിലും അസുഖം വന്നാൽ രാത്രിയിൽ സകല ജോലികളും തീർത്ത് ഉറക്കിളച്ചിരുന്ന് ശുശ്രൂഷിക്കുന്നത്?

'ലിസി'

എല്ലാറ്റിനും ഏക ഉത്തരം 'ലിസി'. ഈ വക കാര്യങ്ങൾ ചെയ്യുന്നതിന് ലിസിക്കു കിട്ടിയപേരാണ് 'മാനേജർ'. എന്നാൽ ഇതിനൊക്കെയുള്ള അംഗീകാരം ലിസിക്കു കിട്ടുന്നതുമില്ല. ഇതൊക്കെ നോക്കിനടത്തണമെങ്കിൽ നല്ല മനഃക്കരുത്ത് വേണം. അത് നൽകിയാണ് ദൈവം സ്ത്രീയെ ഭൂമിയിലേക്കയച്ചിരിക്കുന്നത്. പുരുഷന് ശാരീരികാരോഗ്യവും സ്ത്രീയ്ക്ക് മനഃക്കരുത്തും നൽകിയിരിക്കുന്നതിനാൽ അവർ പരസ്പരം പൂരകങ്ങളായി വർത്തിക്കുന്നു. പുരുഷന്റെ പൂർണ്ണത സ്ത്രീയിലൂടെയും സ്ത്രീയുടെ പൂർണ്ണത പുരുഷനിലൂടെയുമാണ്. അതുകൊണ്ടാണ് സ്ത്രീപുരുഷസമത്വം മാതൃകാ കുടുംബത്തിന്റെ അടിസ്ഥാനം എന്നു പറയുന്നത്.

സുറിയാനിയിൽ വിവാഹത്തിന് 'സുവോഗോ' (Zouvogo) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ മൂലാർത്ഥത്തിന്റെ വകഭേദമാണ് Zaugo (സൗഗോ) എന്നാൽ നുകം (Yoke). ഒരു നുകത്തിൽ രണ്ട് മൃഗങ്ങളെ കെട്ടുമ്പോഴാണ് സന്തുലനം ഉണ്ടാകുന്നത്. നുകത്തിൽ കെട്ടുന്ന രണ്ടു മൃഗങ്ങളും നുകത്തിന്റെ ഉപയോഗത്തിൽ തുല്യസ്ഥാനത്താണ്. അത് സമത്വത്തെ സൂചിപ്പിക്കുന്നു. അതിനാൽ വിവാഹത്തിലെ രണ്ടുപങ്കാളികളും വിവാഹജീവിതത്തിൽ സമരാണ്. ഒരാളുടെ കുറവ് മറ്റെ ആൾ നികത്തിക്കൊണ്ട് ജീവിതത്തെ പൂർണ്ണതയിലേക്കു നയിക്കുന്നു. അപ്രകാരം സൗഗോ എന്ന പദം അർത്ഥവത്താകുന്നു.

അച്ചന്റെ വാക്കുകളെ അതിശയത്തോടെയാണ് ജോസഫും ലിസിയും ശ്രവിച്ചത്. കുടുംബജീവിതത്തിൽ സ്ത്രീക്കും പുരുഷനും ഒരേ സ്ഥാനവും അവരുടെ ഉത്തരവാദിത്വം വിഭിന്നവും ആകുന്നുവെന്ന തിരിച്ചറിവ് അവരെ പുതിയ വഴിയിലേക്കു നയിച്ചു. ഇതുവരെയുണ്ടായിരുന്ന അബദ്ധചിന്തകളെ അകറ്റിക്കളയുവാനും ദൈവമുമ്പാകെ തങ്ങൾക്ക് ഒരേ പ്രാധാന്യവും സ്ഥാനവുമാണെന്ന് തിരിച്ചറിയുവാനും അവർക്കു കഴിഞ്ഞു. ദൈവം തങ്ങളെ കൂട്ടിച്ചേർത്തത് അന്യോന്യം പിൻതാങ്ങുവാനും പരസ്പര പൂരകങ്ങളായി വർത്തിക്കുവാനും ആകുന്നുവെന്ന് അവർ മനസ്സിലാക്കി. ഓരോരുത്തർക്കും ദൈവം നൽകിയ ജീവിത പങ്കാളി ആ വ്യക്തിയ്ക്ക് അനുയോജ്യരാകുന്നുവെന്ന് അവർക്ക് ബോധ്യപ്പെട്ടു. ദൈവമാണ് തങ്ങളെ കൂട്ടിച്ചേർത്തതെന്നുള്ള ബോധ്യത്തിലേക്ക് അവർ വളർന്നു.

മൊബൈൽ ഫോണിന്റെ റിംഗ്ടോൺ എല്ലാവരുടെയും ശ്രദ്ധതിരിച്ചു. അച്ചൻ ഫോൺ എടുത്തുകൊണ്ട് വെളിയിലേക്കുപോയി. ജോസഫും ലിസ്സിയും മുറിയിൽ തനിയെ. മൗനം അവരുടെയിടയിൽ ഇരുട്ടുപരത്തുകയാണ്. മൗനം ഭഞ്ജിക്കുന്നതിന് രണ്ടുപേർക്കും ആഗ്രഹമുണ്ടെങ്കിലും ആര് തുടങ്ങിവയ്ക്കുമെന്നായി. അവസാനം ലിസി ചോദിച്ചു.

"മക്കൾ എന്നെ അന്വേഷിക്കുന്നുണ്ടോ"?

"തീർച്ചയായും അവർ നമ്മുടെ മക്കളല്ലെ. നിന്നെ അന്വേഷിക്കാതിരിക്കുമോ". ജോസഫ് പറഞ്ഞു.

"നിങ്ങൾ രാവിലെ ഓഫീസിൽ പോകുമ്പോൾ കുഞ്ഞുങ്ങൾക്കു സ്കൂളിൽ പോകുവാനുള്ള ക്രമീകരണങ്ങളെല്ലാം ശരി ആകുമോ?. എന്നും രാവിലെ നിങ്ങളുടെ കഷ്ടപ്പാടുകൾ ഓർത്ത് ഞാൻ കരയാറുണ്ട്. എന്റെ ശരീരം അവിടെയെങ്കിലും എന്റെ മനസ്സ് നിങ്ങളോടൊപ്പം തന്നെയാ. ജോസ്ച്ചായനെയും കുഞ്ഞുങ്ങളെയും വിട്ടുള്ള ജീവിതം നരകതുല്യമാണ്". ലിസി പറഞ്ഞു നിർത്തിയതും ജോസഫ് ചോദിച്ചു. "എങ്കിൽ പിന്നെ എന്തിനാണ് ഇറങ്ങിപ്പോയത്"?

"നിങ്ങൾ എന്നെ തല്ലിയതുകൊണ്ട്".

"നീ തർക്കുത്തരം പറഞ്ഞതുകൊണ്ടല്ലെ ഞാൻ തല്ലിയത്".

ലിസി വിടാൻ ഭാവമില്ലാതെ ചോദിച്ചു "നിങ്ങൾ കോടതിയിൽ വച്ച് എന്തെല്ലാം വേണ്ടാധീനങ്ങളാ പഞ്ഞത്".

"അത് പിന്നെ കേസ് ജയിക്കണമെങ്കിൽ അങ്ങനെയൊക്കെ പറയണമെന്ന് വക്കീൽ പറഞ്ഞു".

ജോസഫ് പറയുന്നത് കേട്ട് സങ്കടത്തോടെ ലിസി പറഞ്ഞു. "അന്നു രാത്രിയിൽ ഞാൻ എന്തുമാത്രം കരഞ്ഞുവെന്നോ"?

"എങ്കിൽ പിന്നെ അങ്ങോട്ട് പോരാൻ പാടില്ലായിരുന്നുവോ"? ജോസഫ് പ്രതീക്ഷയോടെ ചോദിച്ചു.

"നിങ്ങൾക്ക് എന്നെയൊന്ന് വിളിക്കാൻ മേലായിരുന്നുവോ? ജോസ്ച്ചായന്റെ ഒരു വിളിക്കുവേണ്ടി ഞാൻ എന്തുമാത്രം കൊതിച്ചിരുന്നുവെന്നറിയാമോ. ഓരോ ഫോൺ വരുമ്പോഴും ജോസ്ച്ചായനാണ് വിളിക്കുന്നതെന്ന് ഞാൻ വെറുതെ മോഹിച്ചു".

"ഇതുതന്നെയായിരുന്നു എന്റെ അനുഭവവും. കോളിംഗ് ബെൽ അടിക്കുമ്പോഴെല്ലാം നീയാണ് വാതിൽക്കലെന്ന ആശയോടെ ഞാനും പിള്ളാരും ഓടിച്ചെല്ലും". ജോസഫ് പറഞ്ഞു നിർത്തിയതും ലിസി ഒറ്റക്കരച്ചിൽ.

ലിസിയുടെ സമീപത്തേക്ക് അല്പം കൂടി ചേർന്നിരുന്നുകൊണ്ട് അവളെ ചേർത്ത് പിടിച്ച് ആശ്വസിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് അച്ചൻ കയറിവരുന്നത്.

അച്ചൻ തമാശയോടെ പറഞ്ഞു. "കൊള്ളാമല്ലോ അത്രയും വരെ പോയോ കാര്യങ്ങൾ. എന്തായിരുന്നു പുകില്. പിണക്കം, വഴക്ക്,കേസ്, കോടതി. ഇനിയും അതൊന്നും വേണ്ടെന്നാണോ നിങ്ങളുടെ തീരുമാനം. ഏതായാലും കേസല്ലേ. കോടതി തീരുമാനിക്കട്ടെ കാര്യങ്ങളെല്ലാം. അത് കഴിഞ്ഞാകാം ചേർത്ത് പിടിക്കലും ആശ്വസിപ്പിക്കലും. എന്താ സമ്മതമാണോ"? ജോസഫിന്റെ കൈകൾ പെട്ടന്നയഞ്ഞു. ലിസിയും ചമ്മലോടെ വേഗത്തിൽ മാറിയരിരുന്നു.

"അത്രയും വേണ്ട അച്ചോ. തെറ്റുകൾ തിരുത്തുന്നതും ഒന്നാകുന്നതും വേഗത്തിൽ തന്നെയല്ലെ നല്ലത്.

ടോമിയുടെ ശബ്ദം കേട്ട് എല്ലാവരും വാതിൽക്കലോട്ട് പെട്ടെന്ന് നോക്കി. ടോമിയെ കണ്ടതും ജോസഫും ലിസ്സിയും എഴുന്നേറ്റു.

"ജോസഫെ, എന്റെ ഗതികേടിനാണ് എന്റെ പെങ്ങളുടെ സഹായം ചോദിച്ചത്. നിന്നെ മൊബൈലിൽ വിളിച്ചപ്പോഴൊക്കെ നീ പരിധിക്കു പുറത്താണെന്നായിരുന്നു മറുപടി. എന്റെ ആവശ്യം അത്രയും അടിയന്തരമായതുകൊണ്ടാണ് നിന്റെ അനുവാദം കിട്ടുന്നതിന് കാക്കാതെ ആ പണം വാങ്ങിയത്. വേഗത്തിൽ തന്നെ ഞാൻ തിരിച്ചു തരുന്നതായിരിക്കും". ടോമിയുടെ വാക്കുകൾ കേട്ട് കുറ്റബോധത്തോടെ ജോസഫ് പറഞ്ഞു.

"അളിയൻ ക്ഷമിക്കണം പണത്തിന് അത്യാവശ്യമൊന്നുമില്ല. എന്റെ വികാരാവേശത്താലാണ് അങ്ങനെയൊക്കെ സംഭവിച്ചത്". അച്ചനും ടോമിയും കൂടി ജോസഫിനെയും ലിസിയെയും ഒന്നിപ്പിക്കാൻ ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു ഈ കൂടികാഴ്ചയെന്ന് അപ്പോഴാണ് ജോസഫിനും ലിസ്സിക്കും മനസ്സിലായത്.

"സമയം വളരെ വൈകി. എനിക്കു സന്ധ്യാപ്രാർത്ഥനയുടെ സമയമായി. നാളെ വൈകിട്ടു ഇതുപോലെ കൂടിക്കാണാം. പ്രശ്നങ്ങൾ തീരുവാൻ ദൈവം സഹായിക്കട്ടെ".

അച്ചന്റെ വാക്കുകൾ കേട്ട് എല്ലാവരുടെയും മുഖത്ത് ആശ്വാസത്തിന്റെ തിരയിളക്കം. അച്ചൻ തമാശയ്ക്കു ചോദിച്ചു. 'ലിസി ആരുടെകൂടെ പോകും'. ലിസിയ്ക്ക് വല്ലാത്ത ചമ്മൽ. ടോമി പറഞ്ഞു.

"അച്ചോ ഇന്നവൾ എന്റെ കൂടെ പോരട്ടെ, നാളെ കാര്യങ്ങളൊക്കെ തീരുമാനിക്കാം".

ലിസി അനുവാദം ചോദിക്കുന്നതുപോലെ ജോസഫിന്റെ മുഖത്തേക്കു നോക്കി. അപ്പോൾ തന്നെ കൂട്ടിക്കൊണ്ടു പോകുവാൻ ജോസഫിന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. എങ്കിലും ജോസഫ് മൗനാനുവാദം കൊടുത്തു. ലിസി ടോമിയുടെ കാറിൽ കയറി യാത്രപോകുമ്പോൾ ലിസി വീണ്ടും ജോസഫിനെ നോക്കി. രണ്ടുപേരുടെയും കണ്ണുകളിൽ ഈറൻ പടർന്നു.

(തുടരും)

# ഇങ്ങനെയും ജീവിതം

കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന കഞ്ഞിക്കുഴി സ്വദേശിയാണു മണിയൻ (62). കഴിഞ്ഞ രണ്ടു മാസമായി ശ്വാസകോശത്തിനു കാൻസറായിട്ടു കീമോ ചെയ്തുകൊണ്ടിരിക്കുന്നു. ചുമട്ടു തൊഴിലാളിയായ മണിയനു മൂന്നു പെൺമക്കളാണുള്ളത്. അവരെ വിവാഹം ചെയ്തയച്ചു. താമസിച്ചുകൊണ്ടിരുന്ന ചെറിയ വീടും, സ്ഥലവും വിറ്റു. ഇപ്പോൾ ഒരു ചെറിയ വീട്ടിൽ വാടകയ്ക്കു താമസിക്കുന്നു. സാമ്പത്തിക നില പരുങ്ങലിലാണ്. സ്വന്തക്കാരെന്നു പറയുവാൻ അധികമാരുമില്ല. ഉള്ളവർ എല്ലാം സാധാരണക്കാരിൽ സാധാരണക്കാർ. അതുകൊണ്ടു തന്നെ സ്വജനത്തിൽനിന്നുമുള്ള സഹായത്തിന്റെ സാധ്യത കുറവാണ്. മരുമക്കളും കൂലിവേല ചെയ്തു അവരുടെ കുടുംബം പുലർത്തുന്നു. കീമോ എടുക്കുന്നതിൽ ആഹാരത്തോടു വെറുപ്പും, അതുമൂലം ശരീരാരോഗ്യം ഏറെ മോശമായിരിക്കുന്നു. ചില നേരങ്ങളിൽ അസഹനീയമായ കഠിന വേദന അനുഭവപ്പെടുന്നു.

ഹൈന്ദവ വിശ്വാസിയായിരുന്നിട്ടും ഞങ്ങൾ സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ വാക്കുകളിൽ ദൈവ വിശ്വാസത്തിന്റെ വെളിച്ചം കാണുവാൻ കഴിഞ്ഞു മരുന്നിനോടൊപ്പം വിശ്വാസത്തോടെ പ്രാർത്ഥിക്കുവാൻ പറഞ്ഞപ്പോൾ അച്ചാ...ഇപ്പോൾ പ്രാർത്ഥന മാത്രമേയുള്ളു, അതാണ് ഏകയാശ്വാസം എന്നായിരുന്നു മറുപടി. യേശുവിന്റെ നാമം വിളിച്ച് പ്രാർത്ഥിക്കുക; അവനു കഴിയാത്തതു ഒന്നുമില്ല; അവൻ ആശ്വാസവും, സൗഖ്യവും, ധൈര്യവും, ശക്തിയും പകരുവാൻ കഴിയുന്നവനാണെന്നു പറഞ്ഞമാത്രയിൽ... അതു നന്നായി ഞാൻ വിശ്വസിച്ചറിയുന്നു എന്നായിരുന്നു മറുപടി. പ്രാർത്ഥനയിൽ എന്നും ഓർക്കണമെന്നുള്ള ആഗ്രഹവും പറഞ്ഞു.

ജീവിത യാത്രയിൽ തിരക്കുകളുടെ ഇടയിൽ നമ്മെ നാം പോലുമറിയാതെ താങ്ങി നടത്തുന്ന കർത്താവിനു ദിനവും കാതു കൊടുക്കുവാനും, അവന്റെ കരത്തിൽ കീഴിൽ താണിരിക്കുവാനും കഴിയണം. ഏതു ദുരിതക്കയത്തിൽനിന്നും കരകയറ്റുവാൻ കഴിവുള്ള നമ്മുടെ കർത്താവിനെപോലെ മറ്റൊരു കർത്താവു വേറെയില്ല. അവൻ വിളിച്ചപേക്ഷിക്കുന്നവർക്ക് സമീപസ്തനാണ്. വിളിപ്പിൻ എന്നാൽ ഉത്തരമരുളാമെന്നുള്ളത് അവന്റെ വാഗ്ദത്തമാണ്. അപ്പൊ.2:21 "കർത്താവിന്റെ നാമം വിളിച്ചുപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും എന്നു ദൈവം അരുളിചെയ്യുന്നു." ദൈവ മുമ്പാകെ എളിമപ്പെട്ടു നിലവിളിക്കുവാൻ കഴിയണം. സങ്കീർ. 34/6" ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു അവന്റെ സകല കഷ്ടങ്ങളിൽനിന്നും അവരെ രക്ഷിച്ചു."

രക്ഷ പാപത്തിൽനിന്നും, രോഗത്തിൽനിന്നും മാത്രമല്ല അതു വിതയ്ക്കുന്ന ജീവിതത്തിലെ സാമ്പത്തിക, സാമൂഹിക ദുരന്തങ്ങളിൽനിന്നും ഉണ്ടാകുന്നു. രോഗം വിതക്കുന്ന സാമ്പത്തിക പ്രതിസന്ധിയിൽനിന്നും യഹോവ തന്റെ നാമം വിശ്വാസത്തോടെ വിളിച്ചപേക്ഷിക്കുന്നവർക്ക് സഹജീവികളിലൂടെ രക്ഷ ഒരുക്കുന്നു. രക്ഷിപ്പാൻ കഴിയാത്ത വണ്ണം കുറുകിപ്പോയിട്ടില്ലാത്ത കർത്താവിന്റെ കരമായ് തീരുവാൻ കഴിയുകയെന്നതു ജീവിതത്തിൽ വിശ്വാസിക്കു ലഭിക്കുന്ന വലിയ ഭാഗ്യമാണ്. ഇതു തന്റെ വിശ്വാസത്തെ പ്രവർത്തിയിലൂടെ പ്രതിഫലിപ്പിക്കുവാൻ കഴിയുന്ന അവസരങ്ങളാണ്. പ്രവർത്തിയില്ലാത്ത വിശ്വാസം നിർജീവമാണ്. സജീവമായ വിശ്വാസം പ്രവർത്തന നിരന്തരമായിരിക്കണം. ജീവിതത്തിൽ പുണ്യപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കണം. ജീവിതത്തിൽ അനശ്വരവും, അനന്തവുമായി അവശേഷിക്കുന്നതു അതു മാത്രമാണ്. മാത്രമല്ല, അത്തരം പുണ്യ പ്രവർത്തനങ്ങളാണ് ഒരു വ്യക്തിയെ ഇഹലോകവാസാനന്തരം ആ ദേശത്തിനും തലമുറയ്ക്കും അവിസ്മരണീയമാക്കുന്നത്.

ആവശ്യങ്ങളുടെ ആഴക്കടലിൽ അവശനായിരിക്കുന്ന സഹോദരങ്ങളായ സഹജീവികൾക്കു നല്കുന്ന ഏതു സഹായവും, ഒരളവുവരെ അവർക്ക് സാന്ത്വനവും, സമാധാനവും, സംതൃപ്തിയും സ്വായത്തമാക്കുവാൻ സഹായിക്കും. സ്വയം കണ്ടും, കേട്ടും അറിഞ്ഞും, പരപ്രേരണയാലോ ആവശ്യത്തിലിരിക്കുന്നവർക്ക് ഇതു നല്കുവാൻ കഴിയുന്നവർ ഭാഗ്യവാന്മാരാകുന്നു. ആ ഭാഗ്യമെന്നതു അവൻ ദൈവത്തിന്റെ പുത്രന്മാർ എന്ന അനുഗ്രഹീതമായ പദവിയിലേക്കു ഉയർത്തപ്പെടുന്നു. (മത്താ.5:9) "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും." ദൈവ മക്കളാകുന്ന നാം ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് സഹജീവികൾക്ക് സമാധാനവും, സാന്ത്വനവും, സംതൃപ്തിയും ഉളവാക്കുന്ന സഹായ ഹസ്തമാകാൻ കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**Fr. Andrews Kadappangattu, Ranni**

**Mob. 9495184701**



# കിഴക്കിന്റെ വലിയമെത്രാപ്പോലീത്ത ഏബ്രഹാം മാർ ക്ലീമീസ് തിരുമേനിയുടെ കാലാനന്തര ജന്മശതാബ്ദിയാചരണം

ജീവിച്ചിരുന്നുവെങ്കിൽ ക്ലീമീസ് തിരുമേനി ഇപ്പോൾ ശതാഭിഷിക്തനാകുമായിരുന്നു. എന്നാൽ ഒരു മെത്രാപ്പോലീത്തായെ സംബന്ധിച്ച് പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവനാകയാൽ മറ്റെല്ലാ അഭിഷേകത്തെക്കാളും വിലപ്പെട്ടവനാണ് എന്നിരുന്നാലും വിശ്വാസികളാൽ ബഹുമാനിക്കപ്പെടുന്ന ആത്മീയ പിതാവിന്റെ ജന്മശതാബ്ദി കൊണ്ടാടുമ്പോൾ നമ്മുടെ ഹൃദയത്തിന്റെ അന്തർഭാഗത്ത് അനുഭവപ്പെടുന്ന വിശ്വാസവും സ്നേഹവും ഭക്തി ആദരവുകളും പ്രകടിപ്പിക്കുന്നതോടൊപ്പം സമൂഹത്തിന് പകർന്നുകൊടുക്കാനായിട്ടാണ് ജന്മശതാബ്ദി ആചരിക്കുന്നത്, ഇതിലൂടെ വിശ്വാസികൾ ആനന്ദഅശ്രുകണങ്ങൾ പൊഴിച്ച് നിർവൃതി കൊള്ളുന്നു. മൺമറഞ്ഞുപോയ നമ്മുടെ വേണ്ടപ്പെട്ടവരുടെ സ്മരണകൾ അയവിറക്കുകയും അവർക്കായി പ്രാർത്ഥിക്കാനുമായിട്ടാണ് സഭകൾ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. നിലപാടുകളിലും, ആദർശങ്ങളിലും ഉറച്ചു നിന്ന തിരുമേനി നമുക്ക് എന്നും മാർഗ്ഗദർശിയാണ്. 2002 ആഗസ്റ്റ് 9 ന് 18744 ദിവസം മെത്രാപ്പോലീത്തയായി പിന്നിട്ട സഭാചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിൽ ഇരുന്ന ശ്രേഷ്ഠാചാര്യൻ എന്ന സ്ഥാനത്തിന് അർഹനായി ക്നാനായ സമുദായത്തിന്റെ മാർ ക്ലീമീസ് വലിയമെത്രാപ്പോലീത്താ ഇപ്പോഴും നമുക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

1918 ഏപ്രിൽ 22ന് അഭി. തിരുമേനി റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിലെ അതിപുരാതനമായ വയലാ തറവാട്ടിൽ ഇടിക്കുള-അച്ചുക്കുട്ടി ദമ്പതികൾക്ക് ഒമ്പത് മക്കളിൽ ആറാമനായി ഭൂജാതനായി. വി.ഐ. ഉണ്ണിട്ടൻ (ഉണ്ണിക്കുഞ്ഞ്) എന്നായിരുന്നു ഓമനപ്പേര്. പിന്നീട് വി.ഐ. ഏബ്രഹാം എന്നു മാറ്റി. കേരള രാഷ്ട്രീയത്തിലെ ഭീഷ്മാചാര്യനായിരുന്ന വയലാ ഇടിക്കുള ജ്യേഷ്ഠ സഹോദരനായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം റാന്നിയിലും, ഹൈസ്കൂൾ വിദ്യാഭ്യാസം ആലുവായിലും നിർവ്വഹിച്ചു. ഇൻർമീഡിയറ്റിന് കോട്ടയം സി. എം. എസ് കോളേജിലും ബി.എ.യ്ക്ക് പാളയംകോട് സെന്റ് സേവ്യേഴ്സ് കോളേജിലുമായിരുന്നു. പിന്നീട് അണ്ണാമല സർവ്വകലാശാലയിൽ ചേർന്ന് ബി.എ. ഓണേഴ്സ് ബിരുദവും സമ്പാദിച്ചു. തൃക്കുന്നത്ത് സെമിനാരിയിലും മഞ്ഞനിക്കര ദയറായിലും വൈദീകവിദ്യാഭ്യാസം നിർവ്വഹിച്ചശേഷം 1949 ൽ ഇറാക്കിലെ മൂസൽ വൈദിക സെമിനാരിയിൽ ചേർന്ന് പഠിച്ചു.

1932 ൽ പരി. ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും ശെമ്മാശപട്ടം, 1947 ആഗസ്റ്റ് 15 ന് അന്ത്യോഖ്യാ പ്രതിനിധി അഭി.യൂലിയോസ് ബാവായിൽ നിന്നും കശ്ശീശാപട്ടം, 1951 ഏപ്രിൽ 15 ന് അന്ത്യോഖ്യായുടെ പരി. ഇഗ്നാത്തിയോസ് അപ്രേം പാത്രിയർക്കീസ് ബാവായാൽ മെത്രാഭിഷേകം, ഏബ്രഹാം മാർ ക്ലിമ്മീസ് എന്ന പേരിൽ അഭിഷിക്തനായി ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ ആസ്ഥാനമുറപ്പിച്ച് സഭാ നേതൃത്വം നൽകിയിരുന്നു. 1951 ൽ പ്രഥമ ജെറുശലേം സന്ദർശനം. 1952 ൽ ക്നാനായ സമുദായ ഭരണഘടന പരിഷ്ക്കരിച്ച് നടപ്പിലാക്കി. 1956 ൽ എത്തിയോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസിയുടെ മാർ എഫ്രേം സെമിനാരി സന്ദർശനം. 1956 ൽ ക്നാനായ പള്ളികൾ സഭയ്ക്കായി പൊതുപ്പെടുത്തി. 1957 ൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1958 ൽ ദമാസ്ക്കസിൽ നടന്ന ആകമാനസുറിയാനി സഭാ സിനഡിൽ ഇദംപ്രഥമായി മലങ്കരയിൽ നിന്നും പങ്കെടുത്തു. 1958 ൽ പരി. യാക്കൂബ് ത്രിതിയൻ പാത്രിയർക്കീസ്ബാവായുടെ തിരഞ്ഞെടുപ്പിലും സ്ഥാനാരോഹണത്തിലും സംബന്ധിച്ചു. 1960 ൽ ഉപരിപഠനാർത്ഥമുള്ള അമേരിക്കൻ യാത്ര. 1967 ൽ വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ പങ്കെടുത്ത് സത്യാഗ്രഹം അനുഷ്ഠിച്ചു. 1968 ൽ റഷ്യൻ പേട്രിയാർക്കേറ്റിന്റെ 50-ാം വാർഷികത്തോട് അനുബന്ധിച്ചുള്ള റഷ്യൻ സന്ദർശനം. 1970 ൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ സെമിനാരി സന്ദർശനം. 1972 ൽ പൗരോഹിത്യ രജതജൂബിലി. 1976 ൽ എപ്പിസ്ക്കോപ്പൽ രജത ജൂബിലി. 1977 ൽ ആലുവ ഗ്രേറ്റ് മാർച്ചിന് നേതൃത്വം നൽകി അറസ്റ്റ് വരിച്ചു. 1980 ൽ പരി. യാക്കൂബ് ത്രിതിയൻ പാത്രിയർക്കീസ് ബാവായുമൊത്ത് മാർപാപ്പായെ സന്ദർശിച്ചു. 1980 ൽ ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണത്തിൽ പങ്കെടുത്തു. 1980 ൽ ആഗോള സിനഡിൽ വോട്ടവകാശം ലഭിച്ചു. 1982 ൽ കൂബർനീത്തി ഹാക്കീമോ സ്ഥാനലബ്ദി, 1989 ൽ കിഴക്കിന്റെ വലിമെത്രാപ്പോലീത്താ സ്ഥാനാരോഹണം. 1995 ൽ പ്രസിദ്ധമായ സുപ്രീംകോടതി വിധിസമ്പാദിച്ചു. 1997 ൽ വി. അൻപത്തിയൊന്നിന്മേൽ കുർബ്ബാനയും, പൗരോഹിത്യ സുവർണ്ണജൂബിലി ഉദ്ഘാടനവും, തുടങ്ങി സമുദായത്തിന്റെ അനേക വളർച്ചയ്ക്ക് തിരുമേനിയുടെ തിളക്കമാർന്ന പ്രവർത്തനങ്ങൾ പ്രകാശപൂരിതമായി. തന്റെ 52 വർഷത്തെ ഭരണനേട്ടങ്ങളുടെ സുവർണ്ണകാലഘട്ടമായിരുന്നു സഭയുടെ ചരിത്രത്തിന്റെ നാഴികക്കല്ലുകളായിരുന്നു. ഇവയെല്ലാം നമുക്കും തലമുറയ്ക്കും ഒരിക്കലും മറക്കാൻ കഴിയാനാവാത്ത രീതിയിൽ പടർന്നു പന്തലിച്ചിരിക്കുന്നു.

തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ 2018 ഏപ്രിൽ 22 ന് ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളോടെ ആചരിക്കുന്നതിന് ക്നാനായ അതിഭദ്രാസനം റാന്നി ബാഹ്യകേരള അദ്ധ്യക്ഷൻ അഭി.കുറിയാക്കോസ് മാർ ഈവാനിയോസ്മെത്രാപ്പോലീത്ത രക്ഷാധികാരിയായും, വന്ദ്യ കോർ എപ്പിസ്ക്കോപ്പമാർ, ബഹു. വൈദികശ്രേഷ്ഠൻ, റാന്നി മേഖലയിലെ ഇടവക നിർവ്വാഹകസമിതി അംഗങ്ങൾ, അസ്സോസിയേഷൻ അംഗങ്ങൾ, ഇടവകപ്രതിനിധി തുടങ്ങിയവർ അടങ്ങുന്ന വിപുലമായ സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്. 2019 സെപ്തംബറിൽ ജന്മശതാബ്ദിയുടെ സമാപനം കുറിക്കുന്നതാണ്. ഇക്കാര്യങ്ങളിൽ ഇടവക തലങ്ങളിലുള്ള സഹകരണവും ഇടവകകളുടെ നേതൃത്വത്തിൽ ജന്മശതാബ്ദി സ്മാരകങ്ങൾ നിർമ്മിക്കുന്നത് അടക്കമുള്ള അനുഗ്രഹിക്കപ്പെട്ട പ്രവർത്തനങ്ങൾ എല്ലാവരോടും നന്ദിപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ആലിച്ചൻ ആറൊന്നിൽ**



ഡോ. സുനിൽ ഡി. കുരുവിള

# സമഗ്രമായി വളരട്ടെ നമ്മുടെ കുഞ്ഞുങ്ങൾ

"It is easer to build strong children than to repair broken adults"

ഒരു കെട്ടിടം പണിയുമ്പോൾ ആദ്യമായി അതിന്റെ അടിസ്ഥാനം ക്രമീകരിക്കുക എന്നുള്ളതാണല്ലോ. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ എത്ര ശക്തിയുള്ളതാവണം? അത് കെട്ടിടത്തിന് എത്ര ഉയരം വേണം എന്നുള്ളതിനെ ആശ്രയിച്ചായിരിക്കുമല്ലോ. അതുപോലെ തന്നെ ഒരു കുട്ടിയുടെ ബാല്യം അവന്റെ അടിസ്ഥാന കാലഘട്ടമാണ്. ബാല്യം എത്ര സമഗ്രവും സന്തോഷമുള്ളതാകുമോ അതനുസരിച്ചാവും കുട്ടിയുടെ പിന്നീടുള്ള വളർച്ച. നല്ല ആരോഗ്യമുള്ള ഒരു വ്യക്തിയിലെ നല്ല മനസ്സും, നല്ല മനുഷ്യനും നിലനിൽക്കുകയുള്ളു. കുട്ടികളുടെ ശാരീരികാരോഗ്യത്തെക്കുറിച്ച് വളരെ ഗൗരവമായി ചിന്തിക്കണം. നല്ലതും പോഷക സമൃദ്ധവുമായ ഭക്ഷണം ഏറ്റവും പ്രധാനമാണ്. മികച്ച ഭക്ഷണം കുട്ടികൾക്ക് കിട്ടുന്നുറപ്പു വരുത്തണം. ''കമ്പോള സംസ്കാരം കുട്ടികളുടെ ആരോഗ്യ നിലയെ ആപൽക്കരമായി ബാധിച്ചിട്ടുണ്ട്. എട്ടുമണിക്കൂറെങ്കിലും കുട്ടികൾ ഉറങ്ങണം. കുട്ടികൾക്ക് നേരത്തെയുറങ്ങാനും നേരത്തെ എഴുന്നേൽക്കാനും ഒക്കെ സൗകര്യമുള്ള രീതിയിൽ ഭവനാന്തരീക്ഷം ക്രമീകരിക്കേണ്ടതുണ്ട്. ശുചിത്വം ഏറ്റവും പ്രധാനമാണ്. സ്ക്കൂളിലും, വീട്ടിലും മികച്ച ശുചിത്വം ഉറപ്പു വരുത്താം. ടിഫിൻ ബോക്സ്, ബാഗ്, ഷൂസ് ഒക്കെ വൃത്തിയായി സൂക്ഷിക്കാൻ പരിശീലിപ്പിക്കാം. വ്യക്തി ശുചിത്വവും, പരിസരശുചിത്വവും കുട്ടികളെ ചെറു പ്രായത്തിൽ തന്നെ പരിശീലിപ്പിക്കേണ്ടതുണ്ട്.

സ്ക്കൂൾ വിട്ടുവരുന്ന കുട്ടികളെ ട്യൂഷനു വിടുന്നത് വലിയ തെറ്റാണ്. സ്ക്കൂൾ വിട്ടു വന്ന് കുട്ടികൾ നന്നായി ഓടിച്ചാടിക്കളിക്കട്ടെ. കളികൾ ശാരീരികാരോഗ്യത്തിനു മാത്രമല്ല മാനസീക ആരോഗ്യത്തിനും വ്യക്തിത്വ വികസനത്തിനും അനിവാര്യമാണ്. വീഴുകയും മുറിയുകയും ഒക്കെ ചെയ്യുന്നത് സ്വാഭാവികം. അവർ ജീവിതത്തിൽ തളർന്ന് പോകുകയില്ല. ഭവനത്തിൽ ചിട്ടയും അച്ചടക്കവും ശീലിപ്പിക്കാം. എല്ലാത്തിനും അതിന്റേതായ സമയവും, സ്ഥലവും ഒക്കെ ഉണ്ടെന്നു കുട്ടികൾ മനസ്സിലാക്കട്ടെ. ഏതൊരു വ്യക്തിയുടെയും പുരോഗതി അവന്റെ അച്ചടക്കത്തെ ആശ്രയിച്ചായിരിക്കും.

ടെലിവിഷന്റെ മുൻപിൽ കിടത്തണ്ട. ചെറിയ ഒരു സമയം ടിവി കാണുന്നതിൽ തെറ്റില്ല. Computer game വേണ്ട. ഭക്ഷണം ടിവിയുടെ മുൻപിൽ കഴിപ്പിക്കേണ്ട. ഭക്ഷണം കണ്ടും, ആസ്വദിച്ചും കഴിക്കട്ടെ.

കൊച്ചു കുട്ടികളെ അമിതമായി പഠിപ്പിക്കേണ്ട. ആസ്വദിച്ചും സന്തോഷമായും അവർ പഠിക്കട്ടെ. Education is not the filling of a pail, but the lighting of a fire. William yeats. അവർക്കു ധാരാളം കഥകൾ പറഞ്ഞു കൊടുക്കാം. അവരെ കേൾക്കാൻ സമയം കണ്ടെത്താം. കെട്ടിപ്പിടിക്കുന്നതും ഉമ്മ കൊടുക്കുന്നതും, കൂടെ കളിക്കുന്നതും ഒക്കെ അവരെ കൂടുതൽ ആത്മവിശ്വാസം ഉള്ളവരാക്കും.

തിരുത്താനും ക്രമീകരിക്കാനും 'No'പറയാനും മടിക്കേണ്ട. 'കമ്പോളമല്ല' സമയമാണ് നാം അവർക്ക് നൽകേണ്ടത്.

നമ്മുടെ ക്ഷമയും വിശ്വാസവും കരുതലും അവരെ ബലപ്പെടുത്തും കരുത്തരാക്കും. 'If children feel safe, they can take risk, ask questions, make mistakes, learm to trust, share their feelings, and grow. Alfie kohu.

അവർക്കായി നല്ല സ്കൂളുകൾ തെരഞ്ഞെടുക്കാം. അദ്ധ്യാപകർ നന്നായി പരിശീലിപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പു വരുത്താം. വലിയ സ്കൂളുകളല്ല നല്ല സ്കൂളുകളാണ് കുട്ടികൾക്കാവശ്യം. പഠിക്കുന്ന കുട്ടിക്കും പഠിക്കാൻ പ്രയാസമുള്ള കുട്ടിക്കും മാന്യതകൊടുക്കുന്ന, ചേർത്തുപിടിക്കുന്ന സ്കൂളുകളാണ് ഇന്നിന്റെ ആവശ്യം. കലയും, കളിയും സൗഹൃദവും, ബന്ധങ്ങളും എല്ലാം പ്രോത്സാഹിപ്പിക്കുന്നതാവട്ടെ സ്കൂളുകൾ. Tution centre കളിൽ അല്ല സ്കൂളുകളിൽ തന്നെ അവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ പൂർത്തിയാവണം. കുട്ടികൾ മഴയും വെയിലും മണ്ണും ഒക്കെ ചോർന്ന് ജീവിക്കട്ടെ. പ്രകൃതിയെ അറിയിക്കട്ടെ. അയൽക്കാരെ അറിയട്ടെ. ബന്ധുമിത്രാദികളുമായി ഇടപെടട്ടെ. കൂട്ടുകൂടാൻ പഠിക്കട്ടെ.

താലന്തുകളും, കഴിവുകളും കുട്ടിക്കാലത്തുതന്നെ പ്രോത്സാഹിപ്പിക്കാം. (10 വയസിന് ശേഷം അഭികാമ്യം). സമ്മർദ്ദം വേണ്ട. നല്ല ഗുരുക്കന്മാരേയും, പരിശീലകരെയും നൽകാം.

ബഹുമാനിക്കാനും, കരുതാനും, സ്നേഹിക്കാനും, മനുഷ്യരുമായി ഇടപെടാനും പഠിക്കട്ടെ. യാത്ര ചെയ്യട്ടെ കൂടുതൽ ചോദ്യങ്ങൾ ചോദിക്കട്ടെ. സന്തോഷമുള്ള ബാല്യം ആശ്വാസമുള്ള കൗമാരത്തിലേക്ക് അവരെ നയിക്കും.

പഠന വൈകല്യങ്ങളോ, ബുദ്ധിമുട്ടുകളോ ഉണ്ടെങ്കിൽ നേരത്തെ കണ്ടെത്തി പരിഹരിക്കാം. വൈകാരിക, മാനസിക, സ്വഭാവ മേഖലയിൽ കുട്ടികൾ Comfortable ആണെന്ന് ഉറപ്പു വരുത്താം. ഏതെങ്കിലും പ്രയാസമുണ്ടെങ്കിൽ കൗമാരത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് പരിഹരിക്കുന്നതാവും അഭികാമ്യം.

മാതാപിതാക്കളും, അദ്ധ്യാപകരും കുട്ടികൾക്ക് അനുകരിക്കാൻ കഴിയുന്ന മാതൃകകളായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. അമിത കരുതൽ ഗുണം ചെയ്യില്ല.

മൂല്യബോധം, സാംസ്കാരിക ബോധം, ആത്മീയതയൊക്കെ ചെറുപ്രായത്തിൽ തന്നെ കുഞ്ഞുങ്ങളിൽ രൂപപ്പെടുത്താം. എല്ലാത്തിന്റെയും പരസ്പര ബന്ധങ്ങളും,

ശേഷം 39 – ാം പേജിൽ

# മേരിക്യൂറി-രണ്ടു നൊബേൽ സമ്മാനങ്ങൾ നേടിയ ശാസ്ത്രപ്രതിഭ

**എബി**

മാനവരാശിയുടെ നന്മയ്ക്കുവേണ്ടി സ്വജീവനെപ്പോലും അപകടപ്പെടുത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെട്ട് വിജയം വരിച്ച ശാസ്ത്രജ്ഞയാണ് മാഡംക്യൂറി എന്നറിയപ്പെടുന്ന മേരിക്യൂറി. ആദ്യമായി നൊബേൽ സമ്മാനം നേടിയ വനിത. രണ്ടു ശാസ്ത്രവിഷയങ്ങളിൽ നൊബേൽ നേടിയ ഏക വനിത. പൊളോണിയം റേഡിയം എന്നീ മൂലകങ്ങൾ കണ്ടുപിടിച്ചു. മഹത്തായ ഈ നേട്ടങ്ങൾ കൈ വരിച്ച പ്രതിഭാശാലിയായ മഹതിയാണ് മേരിക്യൂറി. ആണവോർജ്ജത്തിന്റെ ഒട്ടനവധി ഗുണഫലങ്ങൾ വരും തലമുറയ്ക്കു നൽകിയിട്ടും അവരുടെ ജീവിതം ദുരിത പൂർണ്ണമായിരുന്നു.

1867 നവംബർ 7ന് പോളണ്ടിലെ വാഴ്സയിലാണ് മേരി ജനിച്ചത്. അച്ഛൻ വ്ളാഡിസ് ലാവയുടെയും അമ്മ ബ്രോണിസ് ലാവയുടെയും അഞ്ചുമക്കളിൽ ഇളയവളായിരുന്നു. ദുരിത പൂർണ്ണമായ ഒരു ബാല്യമായിരുന്നു മേരിയുടേത്. അമ്മ മേരിയുടെ 11-ാം വയസിൽ ക്ഷയരോഗം മൂലം മരിച്ചു. ആ വർഷം തന്നെ മൂത്ത ചേച്ചിയും മരിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടുകളുടെയും കയ്പുനീർ ഏറെ കുടിക്കേണ്ടിവന്നു. നിത്യവൃത്തിക്കുവേണ്ടി വീടുകളിൽ താമസിച്ച് കുട്ടികളെ പഠിപ്പിച്ചു. ഒരിക്കൽ കല്യാണാലോചന വന്നപ്പോൾ കാൽ കാശിന് വകയില്ലാത്ത പെണ്ണിനെ കെട്ടേണ്ടെന്നു പറഞ്ഞ് വരന്റെ മാതാപിതാക്കൾ മേരിയെ തള്ളിക്കളഞ്ഞു.



അന്ന് പോളണ്ട് റഷ്യൻ ഭരണത്തിലായിരുന്നു. നല്ല ജോലികളും ഉന്നത വിദ്യാഭ്യാസവുമെല്ലാം റഷ്യക്കാർക്ക് മാത്രമേ ലഭിച്ചിരുന്നുള്ളു. ഇത്തരം അവഗണന സഹിക്കാനാവാതെ മേരി താൻ സ്വരുക്കൂട്ടിയ പണം ഉപയോഗിച്ച് 1891 ൽ പാരീസിലേക്കു തിരിച്ചു. 'സൊർബോണി'ൽ പഠിച്ചു. പട്ടിണി മൂലം പലപ്പോഴും ക്ലാസുമുറിയിൽ തലചുറ്റി വീണിട്ടുണ്ട്. എന്നിട്ടു പരീക്ഷകളിൽ ഒന്നാം സ്ഥാനം നേടി. അവിടെ വച്ചാണ് സ്കൂൾ ഓഫ് ഫിസിക്സിലെ പ്രൊഫസറായ പിയറിക്യൂറിയെ പരിചയപ്പെടുന്നത്. അദ്ദേഹവും പല പ്രധാന കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ട്. പ്രണയത്തിലേക്കു വഴിമാറിയ പരിചയം 1894ൽ അവരുടെ വിവാഹത്തിൽ കലാശിച്ചു. അതിൽ രണ്ടു കുട്ടികളുണ്ടായി 'ഇർലിയും' 'ഈവും'.

പിന്നീടുള്ള ഗവേഷണങ്ങൾ ഭാര്യയും ഭർത്താവും ഒരുമിച്ചാണ് നടത്തിയത്. ക്യൂറിയുടെ പേരുകൂടി ചേർത്ത് 'മേരി ക്യൂറി' എന്നറിയപ്പെടാനായിരുന്നു മേരിയുടെ ആഗ്രഹം. 1903 ലെ ഫിസിക്സിനുള്ള നൊബേൽ സമ്മാനം മേരിയും ഭർത്താവായ പിയറിയും ചേർന്ന് പങ്കിട്ടെടുത്തു. സ്ത്രീ ആയതിനാൽ മേരിയെ ഒഴിവാക്കാൻ ശ്രമം നടന്നെങ്കിലും വിജയിച്ചില്ല. റേഡിയത്തിന്റെ കണ്ടുപിടിത്തത്തിനായിരുന്നു ആ സമ്മാനം. അഭിനന്ദനങ്ങളും പുരസ്കാരങ്ങളുമൊന്നും ആ ദമ്പതികളുടെ ഗവേഷണത്തെ ബാധിച്ചില്ല. സന്തോഷകരമായ ഒരു ദാമ്പത്യമായിരുന്നു അവരുടേത്. അതു തുടരാൻ വിധി അനുവദിച്ചില്ല. 1906 ൽ അതിന് അതിദാരുണമായ അന്ത്യം കുറിച്ചു. ഒരു കനത്ത മഴയത്ത് റോഡരികിൽ കുതിരവണ്ടിയിടിച്ച് പിയറി വീണു. ചക്രങ്ങൾക്കിടയിൽ പെട്ട് തലപൊട്ടി അദ്ദേഹം മരിച്ചു.

നിനച്ചിരിക്കാത്ത നേരത്തുണ്ടായ ഭർത്താവിന്റെ വേർപാട് മേരിയെ ആകെ തളർത്തി. എങ്കിലും ക്രമേണ ആത്മവിശ്വാസം വീണ്ടെടുത്ത് ഗവേഷണം തുടർന്നു.

പിന്നീടുള്ള അഞ്ചു വർഷങ്ങൾ മേരിയുടെ ജീവിതത്തിൽ സംഘർഷ ഭരിതമായിരുന്നു. പ്രിയപ്പെട്ട ഭർത്താവില്ലാതെ തനിച്ചുള്ള ജീവിതയാത്ര വേദനാജനകമായിരുന്നു. സാഹചര്യങ്ങൾ അതിലും നിരാശാജനകമായിരുന്നു. നല്ല ലബോറട്ടറി സൗകര്യങ്ങൾ കിട്ടാതെ ഷെഡ്ഡിൽ പോലും പരീക്ഷണങ്ങൾ നടത്തേണ്ടി വരുന്നു. എല്ലാ പരിമിതികളോടും മല്ലടിച്ച് അവർ ഗവേഷണം തുടർന്നു. പൊളോണിയവും റേഡിയവും വേർതിരിച്ചെടുക്കുന്നതിൽ അവർ വിജയിച്ചു. അങ്ങനെ അഞ്ചു വർഷത്തിനു ശേഷം 1911 ൽ രണ്ടാമത്തെ നൊബേൽ സമ്മാനവും മേരിക്യൂറിയെ തേടിയെത്തി. ആദ്യത്തേത് ഫിസിക്സിനായിരുന്നെങ്കിൽ രണ്ടാമത്തേത് കെമിസ്ട്രിക്ക് ആണെന്നു മാത്രം.

ഈ ലോകത്ത് ലഭിക്കാവുന്ന ഏറ്റവും വലിയ പുരസ്ക്കാരമായ നൊബേൽ സമ്മാനങ്ങൾ മാഡംക്യൂറിയിലെ ശാസ്ത്രജ്ഞയെ കൂടുതൽ വിനീതയാക്കി. 'ഡേവി' മെഡലും 'മാറ്റസി' മെഡലും അവർ കരസ്ഥമാക്കി. റേഡിയത്തിന്റെ അണു പ്രസരത്തെക്കുറിച്ച് പഠിക്കാൻ അവർ പാരീസിൽ പ്രത്യേക സ്ഥാപനം തുടങ്ങി. റേഡിയേഷന്റെ അപായസാധ്യത അറിഞ്ഞുകൊണ്ടുതന്നെ അവർ മാനവ സമൂഹത്തോടുള്ള തന്റെ കടമ നിർവ്വഹിച്ചു. തട്ടി വീഴ്ത്തുന്ന പാറകളെ ചവിട്ടു പടികളാക്കി വിസ്മയം സൃഷ്ടിച്ചുകൊണ്ട് ആ ധീരവനിത മുന്നേറി.

ഒടുവിൽ അണു പ്രസരമേറ്റ് കാൻസർ ബാധിച്ച് 1934 ജൂലൈ നാലിന് 67-ാം വയസ്സിൽ ആ മഹാ പ്രതിഭ മരണത്തിന് കീഴടങ്ങി. ആണവോർജ്ജത്തിന്റെ എത്രയോ നന്മകൾ മാനവരാശിക്ക് നൽകിക്കൊണ്ടായിരുന്നു ആ മടക്കം ഇരുളിൽ പ്രകാശിക്കുന്ന റേഡിയം പോലെ മാഡംക്യൂറി എന്ന അതുല്യ പ്രതിഭ ശാസ്ത്രലോകത്ത് എന്നും മിന്നിത്തിളങ്ങിക്കൊണ്ടിരിക്കും.

കഴിഞ്ഞ ലക്കം തുടർച്ച




ഫാ. റോയി മാത്യൂസ്, മുളമൂട്ടിൽ

# ദൈവസഭ അനുഗ്രഹിക്കപ്പെടുന്നത് എങ്ങനെ



തോട്ടം നനപ്പാൻ ഒരു നദി ഏദനിൽനിന്നു പുറപ്പെട്ടു. അത് അവിടെ നിന്നും 4 ശാഖയായി പിരിഞ്ഞു. ഉല്പ. 2:10.

നാലാമത്തെ നദി ഫ്രാത്ത്- അർത്ഥം ഫലവത്തായ സ്ഥാനം.

ഒന്നാം നദി പീശോൻ വെള്ളച്ചാട്ടമെന്നും, രണ്ടാംനദി ഗീഹോൻ ചുറ്റി തിരിയുക എന്നും, മൂന്നാം നദി ഹിദ്ദേക്കൽ ഉഗ്ര ശബ്ദമെന്നും അർത്ഥമാണെന്ന് മുൻ ലേഖനങ്ങളിൽ പറഞ്ഞിട്ടുണ്ടല്ലോ. ആ നദികൾ എല്ലാം ഏദൻ തോട്ടത്തെ നനച്ചുകൊണ്ടിരുന്നതിനാൽ നാലുവിധ സ്വഭാവമുള്ള ഫലങ്ങൾ അവിടെ വിളഞ്ഞുകൊണ്ടിരുന്നു.

നമ്മുടെ കർത്താവ് പറയുമ്പോൾ യോഹ. 7:38ൽ എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നും തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നും വെളി 22:1 ൽ വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്ന് പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവനദിയുണ്ട്. നദിക്ക് അക്കരയും ഇക്കരയും ജീവവൃക്ഷം ഉണ്ട്. അത് പന്ത്രണ്ട് (12) വിധം ഫലം കായിച്ചു എന്നുമാണ്. ഈ നദി ആരംഭിക്കുന്നത് വെള്ളച്ചാട്ടം പോലെയുള്ള അനുഭവത്തോടു കൂടിയാണ്. ആത്മാവിന്റെ പ്രവർത്തനം ആരംഭിക്കുന്നത് മാനുഷിക ന്യായത്തിനും യുക്തിക്കും പറ്റിയതായി തോന്നുകയില്ല. പക്ഷേ ദൈവത്തിന്റെ അപ്രമേയ പ്രവർത്തനം മാനുഷിക ന്യായത്തെ കവിഞ്ഞതാണ്. വെളി. 19:6ൽ ഹല്ലെലുയ്യ എന്ന ശബ്ദം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ഈ അനുഭവം ഉണ്ടാകണം. ഫ്രാത്തിന്റെ പ്രവർത്തനത്തിൽ 1 കോരി 12:4-12 വരെയുള്ള കൃപാ വരങ്ങളും ഗലാത്യർ 5:22 ലെ ആത്മാവിന്റെ ഫലങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത ഇന്ദ്രിയ ജയം എന്നിവ ഉണ്ടായിരിക്കും. എന്നാൽ കൃപാ വരങ്ങൾ നിന്നുപോയി എന്ന് ചിലർ പറയുന്നു. ഒന്നാം നൂറ്റാണ്ടിലെ സഭയ്ക്ക് വരങ്ങളും ഫലങ്ങളും ഉണ്ടായിരുന്നുവെങ്കിൽ 21-ാം നൂറ്റാണ്ടിലെ സഭയ്ക്കും ഈ അനുഭവങ്ങൾ ഉണ്ടായിരിക്കണം. മണവാട്ടി സഭയുടെ അലങ്കാരം ഇതാണ്. ഫ്രാത്ത് നദി ഒഴുകി ചെല്ലുന്നതിന്റെ ഫലമായിട്ടാണ് പരിശുദ്ധ സഭയ്ക്ക് ശുശ്രൂഷകരെ ദൈവം നിയമിക്കുന്നത്. എഫേ. 4:11. ദൈവം ചിലരെ അപ്പോസ്തലന്മാരായും, പ്രവാചകന്മാരായും, സുവിശേഷകന്മാരായും, ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. സഭയിൽ വേലക്കാരെ നിയമിക്കുന്നതും അവരുടെ ശമ്പളം കൊടുക്കുന്നതും ദൈവമാണ്. ഈ സത്യം ഇന്നത്തെ സഭയിലെ പ്രവർത്തകർ അറിഞ്ഞിരുന്നുവെങ്കിൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമായിരുന്നു. സഭയെ ഫ്രാത്ത് നദി നനച്ചുകൊണ്ടിരിക്കുന്നതിനാൽ അത് ധാരാളം ഫലം കായിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും. (യോഹ. 15:8) അവർ ഫലം കായിച്ച് പിതാവ് മഹത്വപ്പെടുത്തണമെന്നും പറയുന്നു. ദൈവത്താൽ നിയമിക്കപ്പെട്ട പുരോഹിത ശ്രേഷ്ടന്മാർ ദൈവനാമ മഹത്വത്തിനായി മാത്രം ജീവിക്കുന്നു. ശരീരത്തിൽ ഇരിക്കുമ്പോഴും ശരീരം വിട്ട് മരണശേഷവും അവർ ഫലം കായിച്ചുകൊണ്ടേ ഇരിക്കുന്നു. ഉദാ. പരുമല തിരുമേനി, കോതമംഗലം ബാവ, മഞ്ഞനിക്കര ബാവാ തുടങ്ങിയ പരിശുദ്ധ പിതാക്കന്മാർ. എന്നാൽ നിയമനം മനുഷ്യർ തന്നെ ചെയ്യുന്നതിനാൽ പരിതാപകരമായ അവസ്ഥയല്ലെ ഇന്ന് സഭയിലുള്ളത്.

മർക്കോ. 4:13-20 വരെ കർത്താവ് വിതക്കുന്നവന്റെ ഉപമയെക്കുറിച്ച് പറയുമ്പോൾ നല്ല മണ്ണിൽ വീണ വിതയെക്കുറിച്ച് പറയുന്നു. മുപ്പതും, അറുപതും നൂറുംമേനി വിളയുന്നതായി കാണുന്നു. അതെന്താണ്. മണ്ണിനും വിത്തിനും ഒരു കുറവും ഇല്ലാതിരിക്കുമ്പോൾ ഫലം മൂന്നു വിധത്തിൽ ആയത് വിശ്വാസത്തിന്റെ വീര്യ കുറവിനാൽ മാത്രമാണ്. ഓട്ടക്കളത്തിൽ ഓടുന്നവർ അനേകർ എങ്കിലും വിരുത് വാങ്ങുന്നത് ഒരുവൻ മാത്രം.

ആകയാൽ ക്രിസ്തുവിന്റെ പൂർണ്ണത പ്രാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന നാം ഉപദേശത്തിലും ജീവിതത്തിലും വിശ്വാസത്തിലും നിലനിൽക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# കുഞ്ഞാട്ടിൻ തിരു-രക്തത്താൽ ഞാൻ

അലക്സ് തെക്കുംതറ, തിരുവനന്തപുരം

യെരുശലേമിൽ, ആട്ടുവാതിൽക്കൽ ബേഥെസ്ദാ എന്ന പേരിൽ ഒരു കുളമുണ്ട്. യഹൂദവസ്ത്രം ധരിച്ച അരോഗദൃഢഗാത്രനായ ഒരു യുവാവ് ആ കുളത്തിൽ ഒരു ആട്ടിൻകുട്ടിയെ കഴുകി വൃത്തിയാക്കി. ഇപ്പോൾ അത് മേനി കൊഴുത്ത വെളുത്ത വൃത്തിയുള്ള ഒരാട്ടിൻകുട്ടിയായി. അയാൾ അതിനെ തോളിലെടുത്ത് ആട്ടുവാതിൽക്കൽ ഗോപുരത്തിൽ കൂടി കടന്ന് ദേവാലയത്തിലെ, യാഗപീഠത്തി നരികെയെത്തി. പാപപരിഹാരാർത്ഥം ഒരു ബലിയർപ്പണം നടക്കുകയാണ്.പുരോഹിതൻ ചൊല്ലിക്കൊടുക്കുന്ന പ്രായശ്ചിത്ത പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ട് ഈ യഹൂദ യുവാവിന്റെ പാപങ്ങൾ ഒന്നൊന്നായി ഈ നിഷ്ക്കളങ്ക ജീവിയിലേയ്ക്ക് കാർമ്മികന്റെ നിർദ്ദേശാനുസരണം മാറ്റപ്പെടുകയാണ്. ഓരോ പാപവും യുവാവ് ഏറ്റുപറയുമ്പോൾ തന്റെ കൈകൾ ആട്ടിൻകുട്ടിയുടെ ചുമലിൽ അമർത്തി പാപമെല്ലാം അതിന്റെമേൽ ചാർത്തി സ്ഥാപിക്കണം. പരകായപ്രവേശം പോലെ. കാര്യം പിടികിട്ടാതെ കൈകാലുകൾ ബന്ധിക്കപ്പെട്ട ഈ ജീവി യുവാവിന്റെ പാപങ്ങൾ എല്ലാം വഹിക്കുന്ന മഹാപാപിയായി മാറുന്നു. തുടർന്ന് യുവാവിന്റെ സാന്നിദ്ധ്യത്തിൽ ആട്ടിൻകുട്ടിയെ കത്തികൊണ്ട് വെട്ടിമുറിക്കുന്നു. ഒന്നുമറിയാത്ത ഈ ബലിമൃഗം പിടഞ്ഞുപിടഞ്ഞു ചാകുന്നു. അനന്തരം ആട്ടിൻകുട്ടിയുടെ രക്തം യാഗപീഠത്തിൽ തളിച്ച് മാംസം പാകം ചെയ്തത് ഭക്ഷിച്ച് യുവാവ് മടങ്ങുന്നു. ഇതോടെ പാപം ചെയ്ത യുവാവ് പാപവിമുക്തനായി. ശുദ്ധിയുള്ളവനായി എന്നുസാരം. പാപപരിഹാരബലി നടന്നിരുന്ന അക്കാലത്തെ ഒരു സംഭവമാണ് സൂചിപ്പിച്ചത്. ബലിയർപ്പണം-പാപമോചനമാർഗം. യേശുവിന്റെ ക്രൂശുമരണത്തിനും ഉയിർപ്പിനും ശേഷം കുറെക്കാലം കൂടി ഈ രീതിയിൽ പാപപരിഹാരബലി നടന്നിരുന്നു എന്ന് ചരിത്രം. ഇതേ പാപപരിഹാരബലി പുതിയ നിയമത്തിൽ കർത്താവ് അനുശാസിക്കുംവിധം വി.കുർബാനയിലൂടെ ഇന്നും നടക്കുന്നു. ഒരിയ്ക്കൽ നമ്മുടെയെല്ലാം പാപങ്ങളെ വഹിച്ച ദൈവീകകുഞ്ഞാട്-ക്രിസ്തുയേശു, കാൽവറിയിലെ യാഗപീഠമായ കുരിശിൽ നമുക്കുവേണ്ടി യാഗവസ്തുവായി, രക്തം ചിന്തി എന്നെന്നേക്കുമായി തന്റെ ശരീര-രക്തങ്ങളെ യോഗ്യതയോടെ അനുഭവിച്ചു പാപമോചനം പ്രാപിക്കാൻ നമുക്ക് അവസരം നൽകിയിരിക്കുന്നു.

വേദപുസ്തകചരിത്രത്തിൽ പാപപരിഹാരത്തിനോ - ദൈവപ്രീതിയ്ക്കോവേണ്ടി ഒരു നരബലി പോലും ഇന്നേവരെ നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. അബ്രഹാം വിശ്വാസികളുടെ പിതാവ് എന്നറിയപ്പെടുന്നു, ദൈവത്തിന്റെദാസനും, ദൈവപ്രസാദം ലഭിച്ചവനും. എന്നാൽ, അബ്രഹാമിനെപ്പോലും ദൈവം പരീക്ഷിച്ചില്ലേ? നിന്റെ ഏകജാതനായ, നീ സ്നേഹിക്കുന്ന നിന്റെ മകൻ യിസ്ഹാക്കിനെ ഞാൻ കൽപ്പിക്കുന്ന സ്ഥലത്ത് മോറിയാമലയിൽ കൊണ്ടുപോയി ഹോമയാഗം കഴിക്കാൻ, യഹോവയായ ദൈവം കൽപ്പിക്കുന്നു. വാർദ്ധക്യത്തിൽ വാഗ്ദത്തസന്തതിയായി ദൈവം നൽകിയ മകനെ ഒരു ആട്ടിൻകുട്ടിയ്ക്കു പകരം ഹോമബലിയായി, അതും താൻ തന്നെ കാർമ്മികനായി ഹോമബലി അർപ്പിക്കാൻ, ഏതൊരു പിതാവും തയ്യാറാകില്ല. എന്നാൽ, അബ്രഹാം ദൈവകല്പന അനുസരിക്കാൻ തയ്യാറായി. അതിരാവിലെ കഴുതപ്പുറത്ത് വിറകും, കയ്യിൽ കത്തിയും തീയുമായി മകനേയും കൂട്ടി മോറിയാമലയിലേക്ക് നടന്നു കയറുകയാണ്.

അപ്പന്റെ കയ്യിൽപിടിച്ച് കളിച്ചുരസിച്ചും തുള്ളിച്ചാടിയും ബാലചാപല്യത്തോടെ കുസൃതികാട്ടിയും യിസ്ഹാക്ക് നടന്നു നീങ്ങുകയാണ്. അപ്പോൾ ആ ബാലന് പെട്ടെന്ന് ഒരു ചിന്തയുണ്ടായി. അപ്പന്റെ ഒരു ബുദ്ധിമോശം - മറവി- അവൻ ചൂണ്ടിക്കാണിച്ചു. യ്യോ, അപ്പാ, നമ്മൾ യാഗം കഴിക്കാൻ പോകുകയല്ലേപ്പാ!, വിറകുണ്ട്-തീയുണ്ട്, അപ്പന്റെ കയ്യിൽ കത്തിയുമുണ്ട്. പക്ഷേ, ഹോമയാഗത്തിനുള്ള ആട്ടിൻ കുട്ടിയെവിടെയപ്പാ? ന്യായമായ ചോദ്യം. ദൈവം കരുതും മകനേയെന്ന് ഉത്തരം പറഞ്ഞ അബ്രഹാം അഗ്നികുണ്ഠത്തിനുള്ള വിറക് ബാലന്റെ ചുമലിൽ വച്ചുകൊടുത്തു. ആ മകന്റെ ചോദ്യത്തിനുത്തരം വർഷങ്ങൾക്കുശേഷം യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് സ്നാപകയോഹന്നാൻ പരിശുദ്ധാത്മപ്രേരിതനായി വിളിച്ചു പറഞ്ഞു. ഇതാ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.

മോറിയാ മലയിൽ നടക്കേണ്ടിയിരുന്ന മനുഷ്യബലി കാലങ്ങൾക്കുശേഷം പിതാവാം ദൈവം സ്വന്തം പുത്രനെ അയച്ചു നിവൃത്തിയാക്കുന്നു. ആദ്യത്തെയും അവസാനത്തെയുമായ ആ ദിവ്യബലി. കാൽവറിമലയിൽ.

യഹൂദയുവാവ് കുളിപ്പിച്ചു ശുദ്ധിയാക്കിയതുപോലെ കർത്താവാകുന്ന ദൈവികകുഞ്ഞാടിനെ മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായി യോഹന്നാൻ സ്നാപകൻ യോർദ്ദാനിൽ കുളിപ്പിച്ചു ശുദ്ധീകരിക്കുന്നു. ആ ശുദ്ധീകരണം പിതാവാം ദൈവം സ്വർഗ്ഗത്തിൽ നിന്ന് സ്ഥിരീകരിക്കുന്നു.

ഇവൻ എന്റെ പ്രിയ പുത്രൻ-ഇവനിൽ-ബലിയാടാക്കാൻ തയ്യാറാക്കുന്ന ഈ കുഞ്ഞാടിൽ-ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന പിതാവിന്റെ ആശീർവാദവും തുടർന്നുള്ള നാളുകളിൽ മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ എല്ലാം സ്വയം ഏറ്റെടുത്ത് കർത്താവായ ദൈവീക കുഞ്ഞാട് ഒടുവിൽ പീലാത്തോസ് എന്ന ന്യായാധിപന്റെ മുന്നിൽ വിസ്തരിക്കപ്പെടുന്നു.

ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ലായെന്ന് പ്രസിദ്ധനായ ന്യായാധിപതി ആവർത്തിച്ചു പറയുന്നു. എന്നാൽ സകല നീതിന്യായ ധർമ്മങ്ങളെയും വെടിഞ്ഞ് ജനത്തിന്റെ ഇംഗിതത്തിനു വഴങ്ങിയ പീലാത്തോസ്, യേശുവിനെ ക്രൂശുമരണത്തിനു വിധിക്കുന്നു. ഒരു തരത്തിൽ ചിന്തിച്ചാൽ, കുറ്റം ഇല്ലാത്ത യേശുവിനെ, ഞാൻ എന്തു ചെയ്യണമെന്ന് ന്യായാധിപൻ ചോദിച്ചപ്പോൾ,

പുരുഷാരം ശിക്ഷാരീതി പറഞ്ഞു കൊടുക്കുന്നു, ന്യായാധിപൻ അത്അംഗീകരിച്ചു വിധി പ്രഖ്യാപിക്കും പോലെ -നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യാനുള്ള അധികാരത്തോടെ. നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തിയ ശിക്ഷാ വിധിയോടെ പരിക്ഷീണനായ യേശു -ചോര ഒലിപ്പിച്ച ആ ചുമലിൽ വഹിച്ചിരിക്കുന്നത്, ഭാരമേറിയ മരക്കുരിശാണ്. യിസ്ഹാക്ക് ചുമലിൽ വിറകുമായി മോറിയാമലയിൽ കയറിയതു പോലെ.

കുരിശുമരണശിക്ഷ പ്രാകൃതമാണ്, വേദനാജനകമാണ്, കടുത്ത ദ്രോഹകരമായ കുറ്റത്തിനുള്ള അക്കാലത്തെ കഠിനശിക്ഷയുമാണ്. കുറ്റവാളിയെ പരിഹസിക്കുന്നതിനായി നഗരവീഥിയിലേക്കുള്ള പട്ടണവാതിൽ ഒഴിവാക്കി നിന്ദാകവാടത്തിലൂടെ പാളയത്തിലേയ്ക്കാണു കൊണ്ടുപോകുന്നത്. ദേവാലയങ്ങളിൽ സാധാരണ പ്രദക്ഷിണങ്ങൾ വടക്കുനിന്നും തെക്കോട്ട് എന്ന രീതി മാറ്റി ദുഃഖവെള്ളിയാഴ്ച പ്രദക്ഷിണം മാത്രം, തെക്കേ വാതിൽ വഴി ഇറങ്ങി പടിഞ്ഞാറോട്ടു നയിക്കുന്നത് ഈ നിന്ദയെ സൂചിപ്പിക്കുന്നതാണത്രെ.

ശിക്ഷിക്കപ്പെട്ടവൻ തന്റെ മേൽ ചാർത്തപ്പെട്ട കുറ്റങ്ങൾ അക്കമിട്ടു എഴുതിക്കുറിച്ച ഒരു പലകയും കഴുത്തിൽ കെട്ടിത്തൂക്കി കാഴ്ചക്കാർക്കു വായിച്ചെടുക്കത്തക്കവണ്ണം പ്രദർശിപ്പിച്ചിരിക്കണം. ഇത്തരത്തിലൊരു ലിഖിതം യേശുവിന്റെ കഴുത്തിൽ പീലാത്തോസ് നിർദ്ദേശിച്ചില്ല. നീതിമാനായവന് കുറ്റം വിവരിച്ച ലിഖിതാഫലകം ചാർത്തുന്നതിൽ നിന്നും പീലാത്തോസ് ശ്രദ്ധാപൂർവ്വം ഒഴിവായതാകാം. പകരം മറ്റൊരുവൻ ഈ ലിഖിതം കുരിശിനുമുന്നിൽ പ്രദർശിപ്പിച്ചു നടന്നെന്ന് വേദചരിത്രകാരന്മാർ പറയുന്നു. ആ ഫലകത്തിൽ എഴുതിയതോ. നസറായനായ യേശു-യഹൂദന്മാരുടെ രാജാവ് ഇതിനെ ചോദ്യം ചെയ്ത ശാസ്ത്രിപരീശന്മാരോട് ഞാൻ എഴുതിയത് എഴുതി, എന്ന് പറയാനുള്ള ആർജ്ജവമെങ്കിലും പീലാത്തോസ് എന്ന ന്യായാധിപൻ കാണിച്ചു എന്നു കരുതാം. കുരിശുമരണത്തിനു കൊണ്ടുപോകവേ നിയമവിരുദ്ധമായ നടപടികൾ മാർഗ്ഗമദ്ധ്യേ കണ്ട് ആരെങ്കിലും സംശയ നിവാരണം ആവശ്യപ്പെട്ടാൽ സംശയദൂരീകരണം നടത്തണമെന്നാണ് നിയമം. പക്ഷേ ആരെങ്കിലും വന്നോ ? കഥയറിയാതെ ഈ ദുരന്തദൃശ്യം നോക്കിക്കാണാൻ വന്ന ശീമോൻ എന്ന ശുദ്ധനായ ഒരു ഗ്രാമീണമനുഷ്യൻ ആ കുരിശ് ഒന്നു താങ്ങിക്കൊടുത്തു- അത്ര തന്നെ.

സഹായത്തിനായി യേശു നാലുപാടും നോക്കി. ആരെയെല്ലാം കർത്താവ് പ്രതീക്ഷിച്ചിരിക്കാം. മരിച്ചവർക്ക് ജീവൻ കൊടുക്കാൻ പോലും ശക്തനായവൻ, സ്വയം രക്ഷപ്പെട്ടുകൊള്ളും- എനിക്കു മുപ്പത് വെള്ളിക്കാശും ലഭിക്കും എന്നും ചിന്തിച്ച ജൂഡാസ് പണ സഞ്ചിയും കിലുക്കി സന്തോഷിച്ച് ഓടിയെങ്കിലും കൊതിച്ചതല്ല വിധിച്ചതെന്നറിഞ്ഞപ്പോൾ പണസഞ്ചി വലിച്ചെറിഞ്ഞു കെട്ടിഞാന്നു ചത്തു. നിന്നോടുകൂടെ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളിപ്പറയില്ല എന്നുപറഞ്ഞ പത്രോസ്, ഞാൻ അവനെയറിയുകയേയില്ലയെന്ന് പറഞ്ഞ് വെളുപ്പാൻ കാലത്തെ കുളിര് മാറ്റാൻ തീകാഞ്ഞു സുഖിക്കുന്നു. തോളിൽ ചാരി യേശുവിനെ സ്നേഹിച്ച യോഹന്നാൻ എവിടെ ? മറ്റുശിഷ്യന്മാർ ഭയത്തോടെ ഓടിയൊളിക്കുന്നു.

യേശു സൗഖ്യമാക്കിയ കുരുടൻ, കുഷ്ഠരോഗി, പക്ഷവാതരോഗി, മകന് സൗഖ്യം ലഭിച്ച ശതാധിപൻ, അഞ്ചപ്പം- അയ്യായിരമാക്കി വിശപ്പടങ്ങിയ അയ്യായിരം പുരുഷന്മാരിൽ ഒരുവനെങ്കിലും നിയമലംഘനം നടക്കുന്നത്, നിയമപരമായി ചോദ്യം ചെയ്യാൻ കടപ്പെട്ടവരായിരുന്നില്ലേ? എന്തിനധികം, മരിച്ചിട്ടു നാലു ദിവസമായി അഴുകി ജീർണ്ണിച്ച ശരീരത്തിന് ജീവൻ കിട്ടി കല്ലറയിൽ നിന്നും പുറത്തെത്തിയ ലാസർ എന്ന സ്നേഹിതൻപോലും ഏതാനും ദിവസങ്ങൾക്കുശേഷം തന്റെ രക്ഷകനുണ്ടായ ഈ ദുരന്തത്തിൽ രംഗത്തു കാണുന്നില്ലായെന്നത് ചിന്തിക്കുക. ആരുമില്ല. ഒരുത്തൻപോലും.

പിന്നെ അടുത്തുള്ളതോ?, അബലകളായ നിസ്സഹായരായ, കരഞ്ഞുകലങ്ങിയ കണ്ണുകളുമായി പിന്തുടരുന്ന കുറെ സ്ത്രീകൾ മാത്രം. മകനേ എന്റെ വാത്സല്യവാനേയെന്ന് വിലപിച്ചുതളർന്ന മാതാവ്-മറിയ, കൂടെ മഗ്ദലനമറിയ, യാക്കോബ്-യോസ എന്നിവരുടെ അമ്മ മറിയ,-മാർത്ത-മറിയ, ഇങ്ങനെകുറെ മറിയമാരും-ഒപ്പം കൂനു നിവർന്നവളും -രക്തസ്രാവം മാറിക്കിട്ടിയവളും മറ്റു കുറെ സ്ത്രീകളും. അവർക്കു ചെയ്യാവുന്നത് അവർ ചെയ്തു. കണ്ണീരും ചോരയും വിയർപ്പും ചെളിയും പൂണ്ട കർത്താവിന്റെ മുഖം വെറോനിക്ക എന്ന സ്ത്രീ വെള്ളത്തിൽ മുക്കി തണുപ്പിച്ച തന്റെ തൂവാലകൊണ്ട് തുടച്ച് ആശ്വസിപ്പിച്ചു. ആർത്തലച്ചു കരയുന്ന യറുശലേം പുത്രിമാർ. സങ്കടത്തോടെ യേശു അവരെ നോക്കി പറഞ്ഞു. യറുശലേം പുത്രിമാരേ ! നിങ്ങൾ എന്നെ ചൊല്ലിക്കരയേണ്ട...........

പാപമില്ലാത്ത ദൈവപുത്രൻ മനുഷ്യരുടെയെല്ലാം പാപം ഏറ്റുവഹിച്ചുകൊണ്ട് യാഗപീഠമാകുന്ന കുരിശിൽ കിടന്നു വിലപിക്കുന്നു. എന്റെ ദൈവമേ, എന്നെ കൈവിട്ടതെന്ത് ? അതേ ! പിതാവ് പുത്രനെ കൈവിട്ടിരിക്കുകയാണിപ്പോൾ. കാരണം, ഇപ്പോൾ മനുഷ്യന്റെ സർവ്വപാപങ്ങളെയും വഹിച്ച് അറുക്കപ്പെടുന്ന കുഞ്ഞാടാണ് കുരിശിൽ കിടന്നു കരയുന്നത്. പാപിയായവൻ അല്ല- മനുഷ്യരുടെ പാപം വഹിക്കുന്നവൻ . പാപമുള്ളിടത്ത് ദൈവസാന്നിദ്ധ്യമില്ല- സഹായവുമില്ല.

പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ കുരിശിൽ രക്തംചിന്തിയ യേശു ഒടുവിൽ വിളിച്ചു പറയുന്നു. പിതാവേ എല്ലാം നിവൃത്തിയായി പിതാവേ!, നിന്റെ ഇച്ഛയ്ക്കനുസരിച്ച് എല്ലാം പൂർത്തിയാക്കി. ഇതാ ഞാൻ എന്റെ ആത്മാവിനെ നിന്നിൽ ഭരമേൽപ്പിക്കുന്നു. ദിവ്യബലിയുടെ രക്ഷാകരമായ പൂർത്തീകരണം. ഒരിയ്ക്കൽ കൂടി പിതാവാം ദൈവം പ്രസാദിച്ചു പറഞ്ഞിരിക്കാം, ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന്.

കർത്താവിനെ ക്രൂശിച്ച കുരിശ് നാട്ടിയത് ആദാമിന്റെ കല്ലറക്കു മുകളിലാണെന്നാണ് വിശ്വാസം തലയോട്ടികളുടെ മല. എന്നും അർത്ഥമുള്ള കാൽവറിയിൽ. യേശുവിന്റെ ചങ്കുപിളർന്ന് ഒഴുകിയ രക്തം കുരിശിൽകൂടി ഒഴുകിയിറങ്ങി ആദാമിന്റെ തലയോട്ടിയിൽ വീണു എന്നും വിശ്വസിക്കുന്നു. അപ്പോൾ ആദാം തുടങ്ങി അന്നുവരെ മരിച്ച സകലരുടെയും അസ്ഥികൾക്ക് ജീവൻവച്ചു. സാത്താന്റെ അടിമത്വത്തിൽ പാതാളത്തിൽ -അന്ധകാരത്തിൽ കഴിഞ്ഞിരുന്നവരെല്ലാം ഉണർവ്വോടെ എഴുന്നേറ്റു. കർത്താവ് അവരെ പാതാളത്തിൽ സന്ദർശിച്ചു. മഹത്വത്തിന്റെ രാജാവ് തന്റെ തിരുശരീര

രക്തങ്ങളാകുന്ന മോചന ദ്രവ്യം നൽകി, മരിച്ചുപോയവരെ പാതാളത്തിൽ നിന്ന് പറുദീസയിലേക്ക് ആനയിച്ചു. സന്തോഷാധികൃത്താൽ പരിശുദ്ധാത്മ പ്രേരിതനായി ദാവീദ് കിന്നരം മീട്ടി പാടി ദൈവത്തെ സ്തുതിച്ചു. അന്ധകാരത്തിൽ കഴിഞ്ഞ ആത്മാക്കൾ സന്തോഷിച്ചത് വ്യാഖ്യാനിച്ചാൽ നീതിമാൻമാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദുമുഖാന്തിരം പരിശുദ്ധ റൂഹാ പാടി എന്നു സാരം.

മരിച്ചവർ ഇപ്രകാരം സന്തോഷിച്ചപ്പോൾ ജീവിച്ചിരിക്കുന്നവർക്കു മൂന്നാം നാൾ ഒരു മഹാസന്തോഷം. കർത്താവായ യേശു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന സ്വർഗ്ഗീയവാർത്ത. ലോകചരിത്രത്തിൽ മരണത്തോടെ അവസാനിക്കുന്ന മനുഷ്യജീവിതത്തിൽ, ഞാൻ വീണ്ടും വരുമെന്ന പ്രത്യാശയുടെ വാഗ്ദാനവുമായി ഒരേയൊരു ഉയിർത്തെഴുന്നേൽപ്പ്. ഈ ഉയിർത്തെഴുന്നേൽപ്പ് വിശ്വാസികൾക്കെല്ലാം കൂടുതൽ പ്രത്യാശ നല്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ വിശുദ്ധവാരത്തിൽ ദൈവമുൻപാകെ നമുക്ക് പ്രതിജ്ഞയെടുക്കാം.

*പാപത്തേ-സ്നേഹിപ്പാൻ-ഞാനിനീ-പോകുമോ.....*

*ദൈവത്തിൻ-പൈതലായ്-ജീവിക്കും-ഞാനിനീ*

കുഞ്ഞാട്ടിൻ തിരുരക്ത-ശരീരങ്ങൾ യോഗ്യതയോടെ അനുഭവിച്ച് ശുദ്ധരായി കർത്താവിന്റെ വരവിനായി നമുക്കും കാത്തിരിക്കാം.

# ഭവന പദ്ധതിയുടെ ഉദ്ഘാടനവും വിധവ പെൻഷൻ ഫണ്ട് ശേഖരണവും



ദൈവത്തിന്റെ മാനുഷിക മുഖം പ്രവർത്തനമേഖലകളിൽ പ്രകടിപ്പിക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയ സാക്ഷ്യം എന്ന് ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ. ഇടക്കുളം സെന്റ് തോമസ് ക്നാനായ കുരിശുപള്ളി, ക്നാനായ സുവിശേഷസമാജം, ക്നാനായ കോൺഗ്രസ്സ് എന്നിവയുടെ നേതൃത്വത്തിലുള്ള ഭവനപദ്ധതിയുടെ താക്കോൽദാനവും കൂദാശയും നിർവ്വഹിച്ചു. വിധവ പെൻഷൻ ഫണ്ടിലേക്ക് ഇടക്കുളം സെന്റ് തോമസ് കുരിശുപള്ളി ഇടവക അംഗങ്ങൾ ശേഖരിച്ച 110000/- രൂപ വലിയമെത്രാപ്പോലീത്തായ്ക്ക് കൈമാറി.

പ്രസാദ് കോവൂർ കോർ എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. സമുദായ സെക്രട്ടറി ശ്രീ. ടി.ഒ. ഏബ്രഹാം, ക്നാനായ മാനേജിംഗ് കമ്മറ്റി അംഗം ശ്രീ ആലിച്ചൻ ആറൊന്നിൽ, ക്നാനായ കോൺഗ്രസ് കേന്ദ്ര സെക്രട്ടറി ശ്രീ. റോയി പുത്തൻപുരയ്ക്കൽ, കേന്ദ്ര ട്രഷറർ അനീഷ് ടി.സി തകിടിയിൽ, അനു ഏബ്രഹാം പുലിക്കോട്ട്, രാജു ഏബ്രഹാം കാലായിൽ, ഇട്ടിയവിര ഏബ്രഹാം, സി.എ.ഏബ്രഹാം മേപ്പുറത്ത്, ബിജു പി. ചാക്കോ എന്നിവർ പ്രസംഗിച്ചു.

ക്നാനായ കോൺഗ്രസ്സ് കേന്ദ്ര ജോ. സെക്രട്ടറി ജോബി കാരിക്കോട്ട്, റാന്നി മേഖല സെക്രട്ടറി ബിബി കല്ലമ്പറമ്പിൽ എന്നിവർ സംബന്ധിച്ചു.

# ഈസ്റ്റർ നമുക്കു നല്കുന്ന പ്രത്യാശ

ലീലാമ്മ ഏബ്രഹാം, പാലക്കുടി കുഴിമറ്റം

പ്രത്യാശയുടെ സന്ദേശവുമായി വീണ്ടും ഒരു ഈസ്റ്റർ കൂടി വന്നു ചേർന്നിരിക്കുന്നു. ജീവിതത്തിൽ പ്രത്യാശകൾ നഷ്ടപ്പെട്ടുകൊണ്ട് ആത്മഹത്യകളിലും മറ്റും അഭയം തേടുന്നവരുടെ എണ്ണം കൂടി വരുന്ന ഈ കാലഘട്ടത്തിൽ ഈസ്റ്ററിന്റെ സന്ദേശം ജീവിതത്തിൽ മുറുകെ പിടിക്കുകയാണു വേണ്ടത്.

ഈസ്റ്ററിന്റെ പ്രത്യാശയ്ക്കു മുമ്പ് ദുഃഖവെള്ളിയുടെ പീഡാനുഭവം ഉണ്ടെന്ന് മറന്നുപോകരുത്. രാത്രിയില്ലാതെ ഒരു പ്രഭാതമില്ല. കുരിശില്ലാതെ കിരീടമില്ല എന്ന യഥാർത്ഥ്യം മറന്നുപോകരുത്. ഇത് ഹൃദയത്തോടു ചേർത്തു പിടിക്കാൻ നമുക്ക് സാധിക്കണം.

**1. സഹനങ്ങളെ അതിജീവിക്കാനുള്ള കരുത്ത് ലഭിക്കുന്നു. യോഹ.18:10-11.**

യേശുവിനെ സംരക്ഷിക്കുവാനായി പത്രോസ് പടയാളിയുടെ കാതറത്തു. അപ്പോൾ യേശു പറയുന്നതു നോക്കുക. വാൾ ഉറയിൽ ഇടുക, പിതാവ് എനിക്കു തരുന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ. പിതാവ് തന്ന പാനപാത്രമായിട്ടാണ് യേശു ക്രൂശിനെ ദർശിച്ചത്. ഈ കാഴ്ചപ്പാട് നമ്മുടെ ജീവിതത്തിലും വെളിച്ചം പകരുന്നതാണ്.

**2. സത്യം മാത്രമെ വിജയിക്കു എന്ന ബോദ്ധ്യം നൽകുന്നു. യോഹ.19.**

ഇതാണ് ഈസ്റ്റർ തരുന്ന മറ്റൊരു സന്ദേശം. യേശുവിനെതിരെ തെറ്റായ ആരോപണങ്ങൾ ഉന്നയിച്ച് ക്രൂശിച്ച് കബറിൽവച്ചു എങ്കിലും 3-ാം നാൾ ഉയർത്തെഴുന്നേറ്റ് സാത്താനെ എന്നന്നേക്കുമായി തോല്പിച്ചു വിജയ ശ്രീലാളിതനായി. ഈ സത്യമാണ് നമ്മുടെ സഭയുടെ അടിസ്ഥാന വിശ്വാസം.

**3. യേശു ഉയർത്തെഴുന്നറ്റു എന്നു വിശ്വസിക്കുന്നവരേയും അവൻ ഉയർപ്പിക്കും. 1. തെസ.4:14.**

യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെതന്നെ ദൈവം നിദ്ര കൊണ്ടവരേയും യേശു മുഖാന്തിരം അവനോടുകൂടെ വരുത്തും. യേശുവിന്റെ ഉയിർപ്പിലുടെ നമുക്ക് ലഭിക്കുന്ന മറ്റൊരു പ്രത്യാശയാണ് ഇത്. ഇതു തന്നെ 1 കൊരി. 15:13 -14ലും പൗലോസ്ശ്ലീഹാ പറഞ്ഞിരിക്കുന്നു. മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.

പഴയ നിയമ പ്രവചനങ്ങളും, യേശുവിന്റെ ജനനവും, പരസ്യ ജീവിതവും പീഡാസഹനങ്ങളും, കുരിശുമരണവുമെല്ലാം ഈസ്റ്ററിനെ ലക്ഷ്യമാക്കിയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റിട്ടില്ലായിരുന്നു എങ്കിൽ യേശുവിന്റെ ജനനവും, ജീവിതവും, കുരിശുമരണവുമെല്ലാം ചരിത്ര സംഭവങ്ങളായി മാത്രം അവശേഷിക്കുമായിരുന്നു. എന്നാൽ ഉത്ഥാനത്തിന്റെ പ്രകാശത്തിൽ നിന്നു



കൊണ്ട് കാലിത്തൊഴുത്തിലേക്കും കാൽവറിയിലേക്കും നമ്മുടെ ദൃഷ്ടികൾ പായിക്കുമ്പോഴാണ് അവയുടെ മൂല്യവും അർത്ഥവും നമുക്ക് മനസ്സിലാക്കുന്നത്.

യേശുവിന്റെ ഉദ്ധാനത്തിന്റെ ഏറ്റവും ശക്തമായ തെളിവാണ് ശൂന്യമാക്കപ്പെട്ട കല്ലറ. ലൂക്കോ. 24:3, മത്താ.28:6, മർക്കോ. 16:6, യോഹ.20:2. ഈ ശൂന്യമായ കല്ലറ നേരിൽ കണ്ടവരാണ് മഗ്ദലനമറിയയും ശിഷ്യന്മാരും. ഈ കല്ലറ ശൂന്യമായിരുന്നില്ലെങ്കിൽ മഗ്ദലനമറിയത്തിന്റെ സാക്ഷ്യത്തിനോ, ശിഷ്യന്മാരുടെ പ്രസംഗത്തിനോ വലിയ ആയുസ്സും അംഗീകാരവും ലഭിക്കുകയില്ലായിരുന്നു. യേശുവിനെ വിധിച്ചവരും, വധിച്ചവരും അപ്പോസ്തോലന്മാരുടെ വാക്കുകൾ കേട്ട് മാനസാന്തരപ്പെട്ട് ക്രിസ്തു ശിഷ്യരാകുന്ന സംഭവമാണ് പിന്നീട് കാണുന്നത്.

1. 1.കോരി.15:13. പഴയ തലമുറ പ്രതിസന്ധികളെ അഭിമൂഖീകരിച്ചതുപോലെ പുതിയ തലമുറയ്ക്കു കഴിയുന്നില്ല. ചെറിയ കാര്യങ്ങളിൽപ്പോലും മനസ്സു തകർന്ന് ജീവിതം വഴിമുട്ടിയെന്ന് കരുതുന്നവർക്ക് മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റ യേശു പ്രത്യാശയും ശക്തിയും തരുന്നു.

2. 2. മക്കാബി 8:18-9 അവർ അവരുടെ ആയുധങ്ങളിലും ആൾ ശക്തിയിലുമാണ് ആശ്രയിക്കുന്നത്. നാമോ തന്റെ വായിൽ നിന്നുള്ള ഒറ്റ ശ്വാസത്താൽ നമ്മുടെ വൈരികളെ മാത്രമല്ല സർവ്വലോകത്തെയും നശിപ്പിപ്പാൻ കഴിവുള്ള സർവ്വ ശക്തനായ നമ്മുടെ ദൈവമായ കർത്താവിലത്രെ പ്രത്യാശ വച്ചിരിക്കുന്നത്.

അതുപോലെ ജീവിതത്തിൽ മെച്ചപ്പെട്ട ജീവിതാനുഭവങ്ങൾ ഉണ്ടാകുമ്പോൾ കടന്നുവന്ന വഴികളെക്കുറിച്ച് നാം മറന്നുപോകാതിരിക്കുക. അത് ജീവിതത്തെ വിശുദ്ധിയിലേക്കും എളിമയിലേക്കും നയിക്കും. അതുപോലെ മതത്തിന്റെ വേർതിരിവുകളില്ലാതെ എല്ലാവരേയും സ്നേഹിക്കുവാനും, സഹായിക്കുവാനും നമുക്ക് കഴിയട്ടെ. യേശു വന്നത് ലോകം മുഴുവൻ ഉള്ളവരെ രക്ഷിപ്പാനാണല്ലോ. ഈ ഈസ്റ്റർ സന്ദേശം നമ്മുടെ ജീവിതത്തെ ആത്മീയവും ഭൗതീകവുമായി കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



# മലർവാടിക്കൂട്ടം

കുറുക്കന് ഒരു അമളി പറ്റി ഓട്ടത്തിനിടയിൽ അത് പൊട്ടക്കിണറ്റിൽ വീണു. കിണറ്റിൽ വെള്ളം കുറവായിരുന്നു. അവിടെനിന്ന് പുറത്തു കടക്കുവാൻ കഴിയില്ലല്ലോ എന്ന് ആലോചിച്ച് ദുഃഖിച്ച് നിൽക്കുമ്പോൾ മുകളിൽ ഒരു നിഴൽ കണ്ടു.

ദാഹത്തോടെ വന്ന ഒരു ആട് കിണറ്റിൽ എത്തിനോക്കുകയാണ്. അവിടെ കുറുക്കനെ കണ്ട് അത് അത്ഭുതത്തോടെ ചോദിച്ചു. അല്ല ഇതാര് കുറുക്കൻ ചേട്ടനോ? നിങ്ങൾ അവിടെ എന്തെടുക്കുകയാണ്?

അനിയൻ അറിഞ്ഞില്ലേ? ഭയങ്കരമായ ഒരു വരൾച്ചയുടെ വക്കത്താണ് നമ്മൾ. സമയം കളയാതെ ഞാൻ ഈ കിണറ്റിൽ ചാടി സ്ഥലം പിടിച്ചിരിക്കുകയാണ്. ഇവിടുത്തെ വെള്ളം വറ്റുകയില്ല. ഇത്രയും സ്വാദുള്ള വെള്ളം ഞാൻ എന്റെ ഓർമ്മ വെച്ച നാൾ മുതൽ രുചിച്ചിട്ടില്ല. വേണമെങ്കിൽ നിനക്കും ഇങ്ങോട്ട് ഇറങ്ങാം. ക്ഷണം കിട്ടിയതല്ലേ. കൂടുതലൊന്നും ചിന്തിച്ചില്ല. ആട് കിണറ്റിലേക്ക് എടുത്തു ചാടി. കിട്ടിയ അവസരം കുറുക്കൻ മുതലാക്കി. അത് ആടിന്റെ മുതുകത്ത് ചവിട്ടി കൊമ്പിൽ ചവിട്ടി കിണറ്റിനു വെളിയിലെത്തി. പാവം ആട് കിണറ്റിലിരുന്ന് മേലോട്ടു നോക്കി. കുറുക്കൻ സ്വന്തം താവളത്തിലേക്ക് യാത്രയായിപോകും മുമ്പെ കിണറ്റിലുള്ള ആടിനെ നോക്കി. കുറുക്കൻ ഇങ്ങനെ ഉപദേശിച്ചു. അനിയാ വല്ലതും ഒക്കെ കേൾക്കുമ്പോഴേക്കും എടുത്തു ചാടരുത്. അതിനു മുമ്പെ ഒരു നിമിഷം എങ്കിലും ആലോചിക്കേണ്ടേ.

പ്രിയ കൂട്ടുകാരെ നാമൊക്കെ ഇങ്ങനെയാണ് പലപ്പോഴും ഇതുപോലെയുള്ള അപകടങ്ങളിൽ വീഴുന്നു. നമ്മുടെ പ്രവർത്തികൾ പലതും ആലോചന കൂടാതെയാണ്. എടുത്തുചാട്ടക്കാരാണ് നമ്മിൽ ഭൂരിഭക്ഷവും ഒന്ന് നിന്ന് ആലോചിച്ച് പ്രവർത്തിച്ചാൽ പല പരാജയങ്ങളും ഒഴിവാക്കാം.

**കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

യെശയ്യാവ് 16–34
വി. മത്തായി 1–14)

1. മിസ്രയിം രാജ്യത്തുള്ള (ദേശത്തുള്ള) 5 പട്ടണങ്ങൾ ദൈവത്തോടു സത്യം ചെയ്യുന്നത് ഏതു ഭാഷയിൽ?
2. സ്ഥലപ്പേരിൽ അറിയപ്പെടുന്ന ശിഷ്യൻ ആര്?
3. 'ഈർഹഹേരസ്' എന്നതിന്റെ അർത്ഥം എന്ത്?
4. മെതിവണ്ടികൊണ്ടു മെതിക്കാത്ത ഒരു വസ്തു എന്ത്?
5. ബൈബിളിന്റെ അഥവാ വി.വേദപുസ്തകത്തിന്റെ മറ്റൊരു പേരെന്ത്?
6. സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ വലിയവൻ ആര്?
7. ഭൂതങ്ങളുടെ തലവൻ ഏതുപേരിൽ അറിയപ്പെടുന്നു?
8. ക്ഷമിക്കപ്പെടാത്ത പാപം ഏത്?
9. പലസ്തീനിലെ ഏറ്റവും വലിപ്പം കൂടിയ ചെടി ഏത്?

20. മൂന്നു രാവും മൂന്നു പകലും കടലാനയുടെ വയറ്റിൽ ഇരുന്നതാര്?

**മാർച്ചുമാസത്തിലെ ഉത്തരങ്ങൾ**

1. 2 പേരെ (മത്തായി 8:28)
2. 3 വർഷം (യെശ. 16:14)
3. മിസ്രയിം (യെശ.19:1)
4. ദാവീദ്പുത്രാ (മത്തായി 9:27)
5. യിസ്ഹാക്കിന്റെ (മത്തായി 1:2)
6. മിസ്രയിം (യെശ.19:1)
7. 3 വർഷം (യെശ. 20:3)
8. ചുങ്കക്കാരൻ മത്തായി (മത്തായി 10:3)
9. നീതിമാന്മാർ (മത്തായി 13:43)
10. പത്രോസിനെ (മത്തായി 14:31)


# 17 – ാം ക്നാനായ കൺവൻഷന്റെ ഉദ്ഘാടനവും വെബ്സൈറ്റ് ഉദ്ഘാടനവും

17 – ാം കൺവൻഷന്റെ ഉദ്ഘാടനവും വെബ്സൈറ്റ് ഉദ്ഘാടനവും **അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത** നിർവഹിച്ചു. അഭി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, അഭി. കുറിയാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, അസ്സോ. പ്രസിഡന്റ് ഫാ. ഡോ. എ. റ്റി. ഏബ്രഹാം ആലുംമൂട്ടിൽ, ആക്ടിംഗ് വൈസ് പ്രസിഡന്റ് ഫാ. ഷാജൻ കുര്യൻ, ഫാ. ബോണി ഏബ്രഹാം, ജന: സെക്രട്ടറി ബാബു കൊന്നയിൽ പള്ളത്ത്, ട്രസ്റ്റി ജോസ് കാലായിൽ, ജോ: സെക്രട്ടറി കെ. യു. ഉതുപ്പാൻ മൂഴിപ്പാറ, ജന: കൺവീനർ സജി മുണ്ടക്കൽ, ഫാ. ഡേവിസ് ചിറമേൽ എന്നിവർ പ്രസംഗിച്ചു.












# NAZARETH COLLEGE OF PHARMACY
# GOVERNING BOARD

**PRESIDENT**



ARCH BHISHOP H.E KURIAKOSE MOR SEVERIOS
CHIEF METROPOLITAN
KNANAYA ARCH DIOCESE

**MANAGER**




FR.JAIN THOMAS KULATHUMKAL

**SECRETARY**




CHEV.PROF.PRASAD JOSEPH KOICKAL



REV. DR A.T. ABRAHAM,
ALUMMOOTTIL
ASSOCIATION PRESIDENT



MR. T.O. ABRAHAM,
THOTTATHIL
SAMUDAYA SECREATRY




COM- SKARIAH THOMAS EX. M.P.
KALATHIL
SAMUDAYA TRUSTEE



REV. FR. MONAI K. PHILIP,
KARKIDAMPALLIL
CLERGY TRUSTEE




FR. MATHEW UTHUPPAN,
CHERUKARETHU
SECRETARY, NAZARETH ASRAMAM



MR.ABRAHAM PUNNOOSE,
CHENTHIYIL
KNANAYA COMMITTEE MEMBER




MR.SAJAN ABRAHAM, NECHUVELIL



MR.JACOB LUKOSE, COIPURATHU




MR.RENJI JOSEPH, KUTTIYIL



MR.T K KURIAN, THEKKATTIL



MR.BINU KURUVILLA, KALLAMANNIL



MR.P A ABRAHAM, KUZHIKANDATHIL

# 50th Wedding Anniversary



**Aleyamma Cherian(Ammini) & Cherian Chacko(Kuttachan)**

**Ayiramthyckal House, Vakathanam**

Advt - O

**Best Compliments from**

**Aji (Jacob Cherian) & Shyni, Anila & George Kutty, Alina & Alwin, Alen, Abel & Anita**

# 50 – ാം വിവാഹ വാർഷികം

**21-04-2019**



**തോമസ് ഏബ്രഹാം & അച്ചാമ്മ ഏബ്രഹാം**

**ആഞ്ഞിലിമൂട്ടിൽ, തലവടി പി. ഒ, ആനപ്രാമ്പാൽ**

ആശംസകളോടെ, പ്രാർത്ഥനകളോടെ
മക്കൾ, കൊച്ചുമക്കൾ

## സർക്കിൾ ഇൻസ്പെക്ടർ ആയി സ്ഥാനക്കയറ്റം ലഭിച്ചു



ചിങ്ങവനം ദയറാപള്ളി ഇടവകാംഗം പരുത്തുംപാറ കാഞ്ഞിരപ്പള്ളിൽ പരേതനായ **കെ. സി. ജോസഫിന്റെയും അച്ചാമ്മ ജോസഫിന്റെ**യും മകൻ **അനൂപ് ജോസ്** കൊല്ലം **ക്രൈംബ്രാഞ്ച് സി.ഐ** ആയി നിയമിതനായി

ഭാര്യ: **നീതു റാണി കുരുവിള**, കറ്റോട്, സെന്റ് മേരീസ് പള്ളി കിടങ്ങേറ്റിപറമ്പിൽ കുടുംബാഗമാണ്.

മകൻ: **ജോസഫ് അനൂപ്**

## 40-ാം ചരമദിനം

26-02-2019



### ലീലാമ്മ മാത്യു (73)

ഉള്ളാട്ടിൽ

ഓതറ, തിരുവല്ല

**ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു.**

മക്കൾ - സിനു, വിനു

കൊച്ചുമക്കൾ - രോഹിത്ത്, റിച്ച

*സന്തപ്ത കുടുംബാംഗങ്ങൾ*


6th Batch

KNANAYA SUPER STARS

**KSS Selection Camp 2019**

**Dates** : May 23-24, 2019
**Venue** : Zion Retreat Center, Kunnumthanam

WAKE
WORLD ASSOCIATION OF KNANAYA ENTREPRENEURS

**Do you dream of your child becoming a Super Star?**

Then don't miss out to register for **Knanaya Super Stars Selection Camp 2019**

**KSS –An Overview**

- ✓ 3 years holistic development Program
- ✓ Focuses on Attitude, Skill & Knowledge
- ✓ Career guidance according to Aptitude and Talents
- ✓ Transforms today's teens to leaders of tomorrow

**Eligibility for Participation**

- Completed 7th Std. in regular school in academic year 2017-18
- Scored Min 60% marks in school academics
- Regular participation in Sunday School

**For registrations, contact 9446146000**

**World Association of Knanaya Entrepreneurs, Kulangara Block, St. John's Dayara Church, Chingavanam**

## 5th Death Anniversary
21-04-2019



## Molly Mathew
(W/o Mathew Thomas)

**Koottothara, Punalur, Mangalore**

Inserted by Sorrowing Family

Advt - O

## 5th Anniversary in Heaven
27-4-2019



## K. C. Thomas (Kunjomachen)

**Kallamparampil, Ranny**

"You will live forever in our hearts"
By Loving Family,
Management and Staff
Kallamparampil Hardwares, Ranny

Advt - S



## 8 –ാം ചരമ വാർഷികം
19–04–2019

## സി. എ. ചാക്കോ
(ഫിലിപ്പ്)

**തുണ്ടിയിൽ, കുറ്റൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## മൂന്നാം ചരമവാർഷികം

25-04-2019



### T. M. അലക്സാണ്ടർ (ഉണ്ണിച്ചായൻ)

തൈത്തറ, ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ

## 1-ാം ചരമവാർഷികം

08-05-2019



### P. K. KURIAN (THANKACHAN)

Palliyambil House

Azhiyidathuchira P. O. Thiruvalla

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 4th Death Anniversary

27-04-2019

# Thomas Pothen

Mundukottackal Paaranickal,
Thiruvananthapuram (Ranni)

We shall meet on that beautiful shore

Inserted by

Kunjoonjamma Thomas (Wife)
Prashant (Son)
Bindhu (Daughter) & Dr. Simpson Joseph (Son-in-law)
Grand children : Jeremy, Naomi & Tobi

Advt - O

## 7th Birthday in Heaven

**22-04-2019**



## Melvin Mohan K (19)

(S/o Mohan and Maymol)

കാവുങ്കൽ മെൽവിൻ വില്ല, തോലശ്ശേരി, തിരുവല്ല

We miss you Melvin

*നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*

Beloved Family

Advt - S

## 2-ാം ചരമ വാർഷികം

04-05-2019



## Ammini Mathew

**Alappattu (H)**

**Pulloopram, Ranny**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 5-ാം ചരമ വാർഷികം

31-03-2019



## ആനി ഏബ്രഹാം

**w/o ഫാ. കെ. സി. ഏബ്രഹാം**

**കട്ടത്തറ, നീലംപേരൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ് നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

### മരിക്കാത്ത ഓർമ്മകളോടെ

| 25-ാം ചരമ വാർഷികം | 3-ാം ചരമ വാർഷികം |
|---|---|
| 17-04-2019 | 25-06-2019 |



| | |
|---|---|
| **കെ. യു. എബ്രഹാം** | **മോളി എബ്രഹാം** |

**കണ്ണാത്തുമുറിയിൽ**


**പുല്ലുപ്പുറം, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 2 –ാം ചരമ വാർഷികം

09–04–2019



## കെ. ഐ. കുര്യൻ

**കണിച്ചേരിൽ, കാവാലം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

മക്കൾ, കൊച്ചുമക്കൾ

Advt -S

## 4 –ാം ചരമ വാർഷികം

22–04–2019



## പി. കെ. കുര്യാക്കോസ് (തങ്കച്ചൻ)

**താഴത്തെ പാറയിൽ, വള്ളംകുളം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Inserted by

ഭാര്യ – കുഞ്ഞുമോൾ
മക്കൾ – സിബി, സിജി, സോജി
മരുമക്കൾ – സ്റ്റെല്ല, സ്മിത, ഷാരോൺ
കൊച്ചുമക്കൾ – ഡിയോൺ, ഡെറോൺ, ദിയാ, ദിസാ

Advt - O

## 13th Birthday in Heaven

26-04-2019



## Prince Thomas Chacko

**Elmont, Newyork, U.S.A.**

**(Ammanathu, Kattode)**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി

YOUR LOVING FAMILY & FRIENDS

Advt - S

## 1 –ാം ചരമവാർഷികം

02–05–2019



## കുര്യൻ ഉപ്പായി (കുട്ടപ്പൻ)

**മൂഴിപ്പാറ, കുഴിമറ്റം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

# വരും തലമുറയ്ക്കായി

ഓമന സഖറിയാ, പുതിയമഠം,യു. എസ്. എ.

മക്കളെ വലിയവരാക്കാൻ മാതാപിതാക്കൾ വെമ്പൽ കൊള്ളുമ്പോൾ ഭൗതീകമായ അക്കാദമിക നേട്ടങ്ങൾക്കും, ഉയർന്ന ശമ്പളമുള്ള ജോലിക്കുമപ്പുറം അവരുടെ സ്വഭാവരൂപവത്ക്കരണത്തിന് നാം എത്രമാത്രം പ്രാധാന്യം കൊടുക്കുന്നുണ്ടെന്ന് ചിന്തിക്കണം. ബാല്യം, കൗമാരം, യൗവ്വനം എന്നിങ്ങനെ സുപ്രധാനങ്ങളായ മൂന്നു ഘട്ടങ്ങളിലൂടെ മക്കൾ കടന്നുപോകുമ്പോൾ നന്മയുടെയും മൂല്യത്തിന്റെയും നല്ല പാഠങ്ങൾ അവരെ പഠിപ്പിക്കുവാൻ മാതാപിതാക്കൾക്കും കഴിയുകയാണെങ്കിൽ ജീവിതത്തിൽ അവർ വഴിതെറ്റിപ്പോകുവാനുള്ള സാധ്യത വളരെ കുറവാണ്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക, അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃശ്യ. 22:6).

പണമാണ് ഏറ്റവും വലുത് എന്ന കാഴ്ചപ്പാട് മക്കളിൽ വളർത്താതിരിക്കുക. കരിയർ തിരഞ്ഞെടുക്കുമ്പോൾ പണത്തിനുമാത്രം മുൻതൂക്കം നൽകാതെ അവരുടെ അഭിരുചിക്കും, ആത്മസംതൃപ്തിക്കും പ്രാധാന്യം നൽകുക. ആത്മസംതൃപ്തിയില്ലാത്ത ഡോക്ടർമാരെയും എഞ്ചിനീയർമാരെയും അല്ല നമുക്കു വേണ്ടത് മറിച്ച് തങ്ങൾ ചെയ്യുന്ന ജോലിയിൽ സന്തോഷം കണ്ടെത്തുന്ന സംതൃപ്തി നിറഞ്ഞ ഒരു സമൂഹത്തെയാണ്. ഏതു ജോലിക്കും അതിന്റേതായ നന്മയുണ്ടെന്നു കുട്ടികളെ പഠിപ്പിക്കുക. എല്ലാവരും സത്യസന്ധമായി അവരവരുടെ കഴിവുകൾ തെളിയിക്കട്ടെ. നല്ല കാര്യങ്ങൾ മികച്ച രീതിയിൽ ചെയ്യുമ്പോൾ പണം സ്വാഭാവികമായി വന്നുചേരും. ഇത്തരത്തിൽ പോസിറ്റീവായ ഒരു കാഴ്ചപ്പാട് മക്കളിൽ വളർത്തിയെടുക്കുക.

മറ്റുള്ളവരെ ബഹുമാനിക്കാൻ പഠിപ്പിക്കുക. ബന്ധുക്കളും, പരിചയക്കാരും വീട്ടിൽ വരുമ്പോൾ മൊബൈൽ ഫോണിൽ കളിക്കാതെ അവരുമായി സംസാരിക്കുക, പുഞ്ചിരിയോടെ അതിഥികളെ സ്വീകരിക്കുക; അദ്ധ്യാപകരോടും, പ്രായമായവരോടും ആദരവോടെ പെരുമാറുക എന്നിങ്ങനെ ബഹുമാനത്തിന്റെ നല്ല പാഠങ്ങൾ ചെറിയ പ്രായത്തിൽ തന്നെ മാതാപിതാക്കൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം. മറിച്ച് കുട്ടികളുടെ ഇഷ്ടത്തിനനുസരിച്ച് കാര്യങ്ങൾ നടക്കുവെന്നു വന്നാൽ അവർ തോന്നിയതുപോലെ പെരുമാറാനുള്ള സാധ്യത കൂടുതലാണ്.

സഹജീവികളോട് അനുകമ്പയും കരുണയുള്ളവരായി വളരാൻ പഠിപ്പിക്കുക. ജന്മദിനത്തിലും, അതുപോലെയുള്ള ഏതെങ്കിലും വിശേഷാവസരങ്ങളിൽ ഏതെങ്കിലും അനാഥാലയങ്ങളോ, വൃദ്ധമന്ദിരമോ ഒക്കെ സന്ദർശിച്ച് അന്നദാനം പോലെയുള്ള സത്കർമ്മങ്ങളോ ഒക്കെ കൊടുക്കുവാൻ പ്രേരിപ്പിക്കുക. തങ്ങളുടെ ഉപയോഗം കഴിഞ്ഞ നല്ല സാധനങ്ങൾ (കളിപ്പാട്ടം, ഉടുപ്പുകൾ) പാവപ്പെട്ട കുട്ടികൾക്ക് കൊടുക്കുവാൻ പ്രേരിപ്പിക്കണം) മറ്റുള്ളവർക്ക് ഒരു സഹായവും ചെയ്യാത്ത കുട്ടികൾ സ്വാർത്ഥമതികളായിരിക്കും.

എല്ലാവരും വ്യത്യസ്തരാണെന്നും, മറ്റൊരാളുമായി താരതമ്യം ചെയ്യേണ്ടതില്ലെന്നുമുള്ള ബോധ്യം അവർക്ക് മനസ്സിലാക്കികൊടുക്കണം. വിശുദ്ധന്മാരുടേയും, മഹാൻമാരുടെയും പുസ്തകങ്ങൾ അവർക്ക് വായിക്കാൻ കൊടുക്കണം. എന്റെ സുഖത്തിനൊപ്പം അപരന്റെ സുഖവും പ്രധാനം ആണെന്ന് അവർ തിരിച്ചറിയട്ടെ.

മാതാപിതാക്കളുടെ വാക്കുകളിലും പെരുമാറ്റത്തിലും ഇതുപോലെയുള്ള നല്ല മാതൃക കുട്ടികൾകണ്ടു പഠിക്കട്ടെ. അങ്ങനെ നമ്മുടെ അടുത്ത തലമുറ നല്ലവരായി വളരട്ടെ.



## ADVERTISEMENT TARIFF

| | |
|---|---|
| Full Page Back Cover Colour | Rs. 15,000/- |
| Full Page Inside Colour | " 10,000/- |
| Half page Inside Colour | " 5500/- |
| Quarter page Inside Colour | " 3500/- |
| **B&W** | |
| Full Page Inside Black & White | " 4500/- |
| Half Page " | " 3000/- |
| Quarter page " | " 1500/- |
| Obituary | " 750/- |
| Matriomonial | " 500/- |
| For Favours Received | " 300/- |
| " (പേരു മാത്രം) | " 200/- |



## ക്വട്ടേഷൻ നോട്ടീസ്

ക്നാനായ സമുദായം വക നാട്ടകം വില്ലേജിൽപ്പെട്ട കരികുന്നം കാടത്തറ പാടശേഖരത്തിലെ ഏഴ് ഏക്കർ പുഞ്ചനിലത്തും വെളിയനാട് വില്ലേജിൽ കുന്നംങ്കരി മുറിയിൽപ്പെട്ട കരിമീൻതട പാടശേഖരത്തിലെ രണ്ട് ഏക്കർ എഴുപത് സെന്റ് പുഞ്ചനിലത്തും 2019-20 വർഷം നെൽകൃഷി ചെയ്ത് ആദായം എടുക്കുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകമായുള്ള ക്വട്ടേഷൻ 29-04-2019 തിങ്കളാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മുമ്പായി സമുദായ ഓഫീസിൽ കിട്ടത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ഓരോ ക്വട്ടേഷനോടുകൂടിയും 5000 രൂപയുടെ നിരതദ്രവ്യം പണമായോ, ഡി.ഡി യായോ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ കവറിന് പുറത്ത് പാടശേഖരത്തിന്റെ പേര് വ്യക്തമായി കാണിച്ചിരിക്കണം. ക്നാനായ കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി അവകാശമുറപ്പിക്കുന്നതുമാണ്. അംഗീകരിക്കപ്പെടുന്ന തുക മുഴുവനും ഉടനെ തന്നെ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ അംഗീകരിക്കുന്നതിനും തള്ളിക്കളയുന്നതിനുമുള്ള അവകാശം ക്നാനായ കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും. ഇതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെയുള്ള സമയത്ത് സമുദായ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

**കമാൻഡർ സ്കറിയാ തോമസ് Ex.M.P.**

സമുദായ ട്രസ്റ്റി




## വരനെ ആവശ്യമുണ്ട്

**M.872**

കേരളത്തിൽ +2 വരെ പഠിച്ചതും അമേരിക്കയിൽ BSN കഴിഞ്ഞ് RN ആയി ജോലിചെയ്യുന്നതും Masters in Nursing (Nurse Practitioner) പഠിക്കുന്നതും U.S. Citizen ഉള്ള ക്നാനായ യുവതിയ്ക്ക് (25/5'3") ദൈവഭയമുള്ളതും വിദ്യാഭ്യാസയോഗ്യതയുള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Ph: 0018633990075, 9744966808 (India)

**M.873**

MBA കഴിഞ്ഞ് കുടുംബ ബിസിനസ്സ് നോക്കുന്ന ക്നാനായ യുവതിയ്ക്ക് (24) സാമ്പത്തിക ഭദ്രതയും Eng./MBA യും ഉള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. Ph: 6238062593

**M.874**

Knanaya Jacobite parents invites alliance for their daughter (31) born and brought up in Bombay, residing & working in Germany for a reputed Company. Interested Knanaya parents of qualified boys (Preferably IT or Engineer) who is willing to settle in Germany. May Contact 9847222669

004915734364936, 004915734364936

**M.875**

B.Sc Nursing കഴിഞ്ഞ് സൗദി ജിദ്ദയിൽ MOH ൽ ജോലി ചെയ്യുന്ന ഏപ്രിൽ ആദ്യം നാട്ടിൽ വരുന്നതുമായ ക്നാനായ യുവതിയ്ക്ക് (26/158cm) വിദേശത്ത് ജോലിചെയ്യുന്ന ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫാമിലി വിസ ഉള്ളവർക്ക് മുൻഗണന. Ph:9562513577, 9747980967

**M.876**

B.Sc Nursing കഴിഞ്ഞ് Qatar Ministry യിൽ (Hamad) Staff Nurse ആയി ജോലിചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/160cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. Qatar ൽ ഉള്ളവർക്ക് മുൻഗണന.

Ph:8281020123 (5.00 pm ന് ശേഷം)
+ 97431238737

**M.877**

GNM കഴിഞ്ഞ് മംഗലാപുരത്ത് ഹോസ്പിറ്റലിൽ ജോലിചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27) സ്വദേശത്തോ, വിദേശത്തോ ജോലിയുള്ള ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Ph: 9497509563, 9526793006

**M.878**

Computer Science Engineering (B.Tech) കഴിഞ്ഞ് എറണാകുളം മറൈൻ കമ്പനിയിൽ ജോലിചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (24/5'2") ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. (വിദേശത്തുള്ളവർക്ക് മുൻഗണന)

Ph: 9961310304, 9496781304

**M.879**

